FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

248th Issue | September, 2016



## പ്രധാന വാർത്തകൾ

മദർ തെരേസ ദൈവകാരുണ്യത്തിന്റെ
ആനുകാലികഭാഷ്യം: കെസിബിസി ........ 02

'സ്നേഹത്തിന്റെ സന്തോഷം' കുടുംബത്തിന്റെ അടിസ്ഥാനമർമ്മങ്ങളും
സ്തൂല രൂപങ്ങളും വെളിപ്പെടുത്തുന്നു ........ 03
കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

വിവാഹത്തിലെ സ്നേഹത്തിന്റെ ദൈവശാസ്ത്രം ........ 03
റവ. ഡോ. ജോസഫ് ജോയ് അറക്കൽ

'സ്നേഹത്തിന്റെ സന്തോഷം' നിർദ്ദേശിക്കുന്ന
ധാർമ്മിക അപഗ്രഥനശൈലി ........ 04
റവ. ഡോ. ഹോർമിസ് മൈനാട്ടി

'സ്നേഹത്തിന്റെ സന്തോഷം' ഒരു അച്ചൻ മകൾക്കെഴുതിയ കത്ത് ........ 05
ഡോ. മേരി റെജീന എഫ്.

ദളിത് ക്രൈസ്തവരുടെ പോരാട്ടങ്ങൾ ശക്തിപ്പെടുത്തണം ........ 06
ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്

ദളിത് ക്രൈസ്തവർ ഭരണഘടനാഭേദഗതിക്കും കോടതിമുഖേനയുള്ള
നിയമനിർമാണത്തിനും പരിശ്രമിക്കണം ........ 06
ജസ്റ്റിസ് ബി കമാൽ പാഷ

വനിതാ ശിശുക്ഷേമ മന്ത്രിക്കു മൃഗക്ഷേമത്തിലാണ് താല്പര്യം! ........ 07

നാടിനെ ലജ്ജിപ്പിക്കുന്ന ദാരുണദൃശ്യങ്ങൾ ........ 08

വാടകയ്ക്ക് ഗർഭപാത്രം: കേന്ദ്രസർക്കാറിന്റെ
ബില്ലിലെ പ്രധാന വ്യവസ്ഥകൾ ........ 08

സി.ബി.സി.ഐ., കെസിബിസി പ്രസ്താവനകൾ ........ 09-10

- ദേശീയ വിദ്യാഭ്യാസനയം: കപടദേശീയതയ്ക്ക് ഉദാഹരണം-സിബിസിഐ ........ 09
- പരിസ്ഥിതിലോല നിർണയം - സർക്കാർ അടിയന്തിരനടപടി
  സ്വീകരിക്കണം: ഐക്യജാഗ്രതാസമിതി ........ 09
- മദ്യം: ഉദാരവത്കരണനീക്കം ആപത്കരം: ഐക്യജാഗ്രതാസമിതി ........ 10
- മദ്യനയം അട്ടിമറിക്കാൻ ശ്രമം ........ 10
- സർക്കാർ നടപടി മെഡിക്കൽ വിദ്യാഭ്യാസരംഗത്ത്
  പ്രതിസന്ധി രൂക്ഷമാക്കും: ഐക്യജാഗ്രതാസമിതി ........ 10
- സംസ്ഥാന സർക്കാർ നിലപാട് ന്യൂനപക്ഷസമൂഹങ്ങളോടുള്ള യുദ്ധപ്രഖ്യാപനം ........ 11
- മനുഷ്യനെ കൊല്ലുന്ന മദ്യനയം സ്വീകാര്യമല്ല ........ 11

വാർത്തകൾ ........ 11-16

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com



# മദർ തെരേസ ദൈവകാരുണ്യത്തിന്റെ ആനുകാലികഭാഷ്യം

## കെസിബിസി

ഈ കാലഘട്ടത്തിൽ ജീവിക്കാൻ കഴിയുന്ന നാം ഭാഗ്യമുള്ളവരാണ്. മദർ തെരേസായെപ്പോലുള്ള ഒരു വ്യക്തിത്വം നേരിൽക്കണ്ട് അദ്ഭുതം മൂറാൻ കഴിഞ്ഞ ഒരു തലമുറയാണ് നമ്മുടേത്. ആ ജീവിതത്തെ എങ്ങനെയാണ് വിശേഷിപ്പിക്കാനാകുക? പുറമ്പോക്കിലെ ദൈവിക സാന്നിധ്യമെന്നോ? അവസാനത്തെയാളുടെയും പിന്നിലുള്ളയാളെന്നോ? ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ടാവശ്യം എന്നരുൾചെയ്ത യേശുവിന്റെ നിലപാട് തന്റെ ജീവിതവ്രതമാക്കി മാറ്റിക്കൊണ്ട് പുറമ്പോക്കു സുവിശേഷം പ്രസംഗിച്ചവളാണു മദർ തെരേസ. ദൈവകാരുണ്യത്തിനു മുഖവും കരങ്ങളും നല്കിയ വിശുദ്ധയാണ് മദർ തെരേസ. അമ്മസങ്കല്പത്തിന്റെ ഉദാത്തഭാവമായി ആ സന്ന്യാസിനി മാറിയതുകൊണ്ടാണ് ഈ ജീവിതത്തെ മദർ എന്ന ഒറ്റവാക്കിൽ അനന്യമാംവിധം സംഗ്രഹിക്കാൻ ലോകത്തിനായത്. ജാതിമതവർണവർഗഭേദങ്ങൾക്കതീതമായി ഏവരും അവരെ 'മദർ' എന്നു വിളിച്ചു. കാരണം, ക്രൈസ്തവമാനവികതയുടെ സാർവത്രികസ്വഭാവം ആ മനസ്സിലും കരങ്ങളിലും ജീവിതത്തിലും നിറഞ്ഞുനിന്നിരുന്നു. ഏവരും ക്രിസ്തുവിൽ ദൈവമക്കളാണെന്ന അടിസ്ഥാന ക്രൈസ്തവവിശ്വാസമാണ് ആ വ്യക്തിത്വത്തിന്റെ സാർവജനീനതയുടെ ആധാരം.

യേശുവിന്റെ മിശിഹാദൗത്യത്തിന്റെ ആനുകാലിക ഭാഷ്യവുമായിത്തീർന്നു ആ ജീവിതം. മുറിവേറ്റ മനുഷ്യകുലത്തിനു ശുശ്രൂഷ ചെയ്ത നല്ല സമരിയാക്കാരന്റെ തനിപ്പകർപ്പായ മദറിൽ ലോകം ക്രിസ്തുവിനെ ദർശിച്ചു. ഇതുതന്നെയല്ലേ പ്രേഷിതത്വത്തിന്റെ വഴി? സുവിശേഷപ്രഘോഷണത്തിന്റെ പാത കാരുണ്യമല്ലാതെ മറ്റെന്താണ്? മദറിനെപ്പോലെ ക്രിസ്തുവിനെ ഇത്ര വ്യാപകമായും ഫലപ്രദമായും സംപ്രേഷണംചെയ്ത മറ്റാരുണ്ട് 20-ാം നൂറ്റാണ്ടിൽ? കാരുണ്യവർഷത്തിൽത്തന്നെ കരുണയുടെ മാലാഖ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്നത് കരുണയുടെ പ്രേഷിതമാനത്തിന് അടിവരയിടുന്നു. ദൈവകാരുണ്യത്തിന് മുഖവും കരങ്ങളും സമ്മാനിക്കാൻ മദർ നമ്മെ ക്ഷണിക്കുന്നു.

മുറിച്ച അപ്പത്തിലും മനുഷ്യന്റെ മുറിവുകളിലും ഒരുപോലെ ക്രിസ്തുവിനെ ദർശിച്ചവളാണ് ഈ സ്നേഹഗായിക. ദിവ്യകാരുണ്യാരാധനയും രോഗീശുശ്രൂഷയും മദറിന്റെ ക്രിസ്ത്വാനുഭവത്തിന്റെ രണ്ടു വശങ്ങളായിരുന്നു. അതുതന്നെയാണ് ആ ജീവിതം ഒരേസമയം ധ്യാനാത്മകവും പ്രവർത്തനാത്മകവുമാകാൻ കാരണം. മദർ എവിടെയും കേട്ടത് 'എനിക്കു ദാഹിക്കുന്നു' എന്ന ക്രിസ്തുവിന്റെ മൊഴി മാത്രമാണ്.

കൽക്കട്ടയുടെ നീലക്കരസാരി ചുറ്റാൻ മദറിനെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവ് ആദ്യന്തം കൂടെ നടക്കുകയും സർഗാത്മകതയോടെ നയിക്കുകയും ആ ജീവിതം സഫലമാക്കിത്തീർക്കുകയും ചെയ്തെന്നതിന് ചരിത്രംതന്നെ സാക്ഷി. ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്കു സ്വയം വിട്ടുകൊടുത്ത ഒരു ജീവിതവും നിഷ്ഫലമായിപ്പോയിട്ടില്ല. ഈ വിശുദ്ധനാമകരണനടപടികൾ ആത്മാവിന്റെ ഇളംകാറ്റിൽ അവിടത്തേക്ക് ഇഷ്ടമുള്ളിടത്തേക്ക് സ്വയംമറന്നു ചരിച്ച് ആത്മസാക്ഷാത്കാരമടയാനുള്ള ആത്മാവിന്റെ ക്ഷണക്കത്താണ്. സുരക്ഷിതത്വത്തിന്റെ പരിചിതമാളങ്ങളിൽ നിന്ന് സ്ഥലത്തിലും കാലത്തിലും നമുക്കായി ആത്മാവു കാത്തുവച്ചിട്ടുള്ള ദുർഘടവഴികളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഈ വിശുദ്ധ പദപ്രഖ്യാപനം നമുക്കിടയാക്കട്ടെ.

അപരർക്കുവേണ്ടി ജീവിക്കുന്നതാണ് ജീവിതത്തിന് അർഥവും ആനന്ദവും നല്കുന്നതെന്ന് ഒരു ചെറുപുഞ്ചിരിയോടെ മദർ തെരേസ ഇന്നു നമ്മോട് വിളിച്ചോതുകയാണ്. നിസ്സംഗതയുടെ ജീവിതയാത്രയിൽ സുഹൃത്തേ, ഒന്നു നില്ക്കൂ! അപരന്റെ ദൈന്യതയൂറുന്ന നയനങ്ങളിലേക്ക് ഒന്നു നോക്കൂ! അവിടെ ക്രിസ്തു നിന്നെ കാത്തിരിക്കുന്നു - എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ എന്ന വിളിയുമായി...

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ,** പ്രസിഡന്റ്, കെസിബിസി
**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം,** വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ജോസഫ് കരിയിൽ,** സെക്രട്ടറി ജനറൽ, കെസിബിസി

# ‘സ്നേഹത്തിന്റെ സന്തോഷം’

## കുടുംബത്തിന്റെ അടിസ്ഥാനമർമ്മങ്ങളും സ്തൂല രൂപങ്ങളും വെളിപ്പെടുത്തുന്നു

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**

(2016 ആഗസ്റ്റ് 16-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കേരളസഭയിലെ മെത്രാന്മാരുടെയും, ദൈവശാസ്ത്ര ജ്ഞന്മാരുടെയും സമ്മേളനത്തിൽ കെസിബിസി പ്രസിഡന്റ് **കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ** നടത്തിയ ഉദ്ഘാടന പ്രസംഗത്തിന്റെ സംക്ഷിപ്തം)

**തി**രുസ്സഭയുടെ അടിസ്ഥാന ഘടകമായ കുടുംബത്തിന്റെ മർമ്മങ്ങളിലേക്ക് നമ്മുടെ ശ്രദ്ധകൊണ്ടുവരുന്ന ഒരു അപ്പസ്തോലിക പ്രബോധനമാണ് സ്നേഹത്തിന്റെ സന്തോഷം . രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ സഭയുടെ അടിസ്ഥാനഘടകമെന്നും, ഗാർഹിക സഭയെന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സഭയെ മുഴുവൻ പ്രകാശിപ്പിക്കുന്നത് കുടുംബമാണ്. ഈ ദൈവശാസ്ത്ര സമ്മേളനം കുടുംബജീവിതത്തിന്റെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുകളും, അജപാലന സമീപനങ്ങളും, കൂടുതൽ പ്രകാശിതമാക്കാൻ സഹായിക്കണം. കുടുംബ ജീവിതത്തിന്റെ സ്തൂല രൂപത്തെയാണ് പരിശുദ്ധപിതാവ് ഈ പ്രബോധനത്തിലൂടെ വെളിപ്പെടുത്തുന്നത്. കുടുംബ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുവാനും, കുടുംബ ജീവിതം നേരിടുന്ന ആനുകാലിക പ്രതിസന്ധികളെ, എങ്ങനെ നേരിടണമെന്നും വളരെ ആർജ്ജവത്തോടെ പാപ്പാ ഈ പ്രബോധനത്തിൽ വിവരിച്ചിരിക്കുന്നു.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലോകവ്യാപകമായി ചോദ്യാവലികളയച്ച് അവയിലൂടെ സ്വീകരിച്ച ഉത്തരങ്ങളും, മെത്രാന്മാരിൽ നിന്നും, അല്മായരിൽ നിന്നും, സിനഡുകളിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് ഈ പ്രബോധനത്തിന്റെ അടിസ്ഥാനം. കുടുംബം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, ഈ പ്രതിസന്ധികളെ അജപാലനപരമായി എങ്ങനെ നേരിടണം എന്നും പാപ്പ പറയുന്നു. കുടുംബങ്ങൾക്കുള്ള അജപാലന ശുശ്രൂഷയിൽ വൈദികർ കൂടുതൽ കരുണയും ക്ഷമയുമുള്ളവരാകണം. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ സഭയുടെ ശുശ്രൂഷകൾ കൂടുതൽ കുടുംബകേന്ദ്രീകൃതമാകേണ്ടത്, കാലഘട്ടത്തിന്റെ ആവശ്യമാണ്. തകർച്ച നേരിടുന്ന കുടുംബങ്ങളുടെ എണ്ണം കൂടിവരികയാണ്. ഇത് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ ഗൗരവത്തോടെ കാണണം എന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.



കേരളസഭയിലെ മെത്രാന്മാരുടെയും ദൈവശാസ്ത്രജ്ഞരുടെയും സമ്മേളനം കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. ജോയി അറക്കൽ, ബിഷപ് ജോസഫ് കരിയിൽ, റവ. ഡോ. ഹോർമിസ് മൈനാട്ടി, ബിഷപ് എബ്രാഹം മാർ യൂലിയോസ്, ഡോ. മേരി റെജീന, ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഡോ. മത്തായി കടവിൽ എന്നിവർ സമീപം

# വിവാഹത്തിലെ സ്നേഹത്തിന്റെ ദൈവശാസ്ത്രം

(2016 ആഗസ്റ്റ് 16-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കേരളസഭയിലെ മെത്രാന്മാരുടെയും, ദൈവശാസ്ത്ര ജ്ഞന്മാരുടെയും സമ്മേളനത്തിൽ **റവ. ഡോ. ജോസഫ് ജോയ് അറക്കൽ** അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം)

‘സ്നേഹത്തിന്റെ സന്തോഷത്തിൽ’ ഫ്രാൻസീസ് പാപ്പ നടത്തുന്ന ചില സുപ്രധാന നിരീക്ഷണങ്ങൾ ഇവയാണ്. ചിലപ്പോൾ വിവാഹത്തെ സംബന്ധിച്ച അങ്ങേയറ്റം അമൂർത്തവും മിക്കവാറും കൃത്രിമവുമായ ദൈവശാസ്ത്രപരമായ ആദർശം നാം നിർദ്ദേശിച്ചിട്ടുണ്ട് .ജീവിതകാലം മുഴുവനുമുള്ള ഒരു ഭാരമെന്നതിനേക്കാൾ വ്യക്തിപരമായ വികസനത്തിനും ജീവിത സാഫല്യത്തിനും വേണ്ടിയുള്ള സ്വയം ചാലകപഥമായി വിവാഹത്തെ അവതരിപ്പിക്കാൻ നമുക്കു കഴിയുന്നില്ല. വിവാഹത്തേയും കുടുംബത്തെയും സംബന്ധിച്ച സഭയുടെ സന്ദേശം യേശുവിന്റെ പ്രഭാഷണത്തെയും മനോഭാവത്തെയും വ്യക്തമായി പ്രതിബിംബിക്കുന്നില്ലെന്നു അനേകർക്കു തോന്നുന്നു (AL 36,37,38). ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ വിവാഹത്തെക്കുറിച്ച് ഒരു പുതിയ ദൈവശാസ്ത്രമാണോ ഈ അപ്പസ്തോലീകപ്രബോധനം മുന്നോട്ടു വയ്ക്കുന്നത് എന്ന് ചോദിച്ചേക്കാം. എന്നാൽ ഒരു പുതുമ നിറഞ്ഞ ദൈവശാസ്ത്രം എന്നതിലുപരി ഇതുവരെയുള്ള സഭയുടെ പഠനങ്ങളിൽ ഊന്നിക്കൊണ്ട് ആധുനികലോകത്തിലെ പ്രശ്നങ്ങളോട് കുറേക്കൂടി സംവാദിക്കാൻ കഴിയുന്ന ഒരു ദൈവശാസ്ത്രമായി വേണം ‘സ്നേഹത്തിന്റെ സന്തോഷത്തിലെ’ ദൈവശാസ്ത്രത്തെ വീക്ഷിക്കുവാൻ.

വിവാഹജീവിതത്തിലെ സന്തോഷം പ്രദാനം ചെയ്യുന്ന സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്. വിവാഹത്തിലെ സ്നേഹവും (Love in Marriage), അജപാലനത്തിലെ സ്നേഹവും (Charity in pastoral). ആത്മദാനം (Self Gift) ദാമ്പത്യ സ്നേഹത്തിലൂടെ യഥാർത്ഥമായി അനുഭവിക്കാൻ കഴിയുന്നിടത്താണ് വിവാഹം അത് വിഭാവനം ചെയ്യുന്ന സന്തോഷത്തിലേക്ക് വളരുന്നത്. വിവാഹിതർക്കുള്ള അജപാലനം സ്നേഹത്തിൽ അടിസ്ഥാനമിട്ട ഒരു അജപാലനമായിരിക്കണമെന്നാണ് ഈ പ്രബോധനം അർത്ഥമാക്കുന്നത്. വിവാഹിതരെയും അതിലേക്കു പ്രവേ

ശിക്കുന്നവരെയും, സ്നേഹത്തിൽ വളരുവാനും ആഴപ്പെടുവാനും സഹായിക്കുമ്പോൾ, ക്രമരഹിതമായ വിവാഹജീവിതം നയിക്കുന്നവർക്ക് അത് കരുണ നിറഞ്ഞ സ്നേഹമായി മാറുന്നു. ഇത്തരം അജപാലനമാണ് സ്നേഹത്തിലുള്ള അജപാലനം. അതിനായി പാപ്പ ആശ്രയിക്കുന്നത് സഭയെക്കുറിച്ചുള്ള ഒരു ദൈവശാസ്ത്രവും മനുഷ്യനെക്കുറിച്ചുള്ള കാഴ്ചപ്പാടുമാണ്. ഇവ രണ്ടും സമ്മേളിക്കുമ്പോഴാണ് സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു അജപാലനം രൂപം കൊള്ളുന്നത്. മനുഷ്യനോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനം അയാളുടെ പവിത്രതയെ വിലമതിക്കുകയും നന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നതിലാണ് പ്രധാനമായും അടങ്ങിയിരിക്കുന്നത് (AL 127). തിരുസഭയെക്കുറിച്ച് സ്നേഹത്തിന്റെ സന്തോഷം പറയുന്നത് തുറമുഖത്തെ പ്രകാശഗോപുരം; വഴിതെറ്റിയവർക്കുള്ള ടോർച്ച്; യുദ്ധരംഗത്തെ ആശുപത്രി എന്നൊക്കെയാണ്(AL 291).

വിവാഹത്തെക്കുറിച്ച് ഇന്നുവരെയുള്ള പഠനങ്ങളെ ഇന്നിന്റെ അടയാളങ്ങളുടെ വെളിച്ചത്തിൽ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തോന്മുഖമായി മനസ്സിലാക്കാനാണ് ഈ പ്രമാണരേഖ ശ്രമിക്കുന്നത്. വിവാഹജീവിതത്തെ കൂടുതൽ കാലികപ്രസക്തിയോടെ ആകർഷകവും അഭിലഷണീയവുമായി അവതരിപ്പിക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. വിവാഹത്തെക്കുറിച്ചുള്ള പഠനങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നു എന്നൊരു ചിന്തകൂടി ഈ പ്രബോധനം മുന്നോട്ടുവയ്ക്കുന്നുണ്ട്. കർത്താവിന്റെ കാരുണ്യത്തിന്റെ മുഖമായ സഭയുടെ അജപാലനം അത് ആവശ്യപ്പെടുന്നു. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ക്രമരഹിതമായ വിവാഹസാഹചര്യങ്ങളെ കണക്കിലെടുത്ത് അവയുടെ Discerment ലൂടെ ഇത്തരം സാഹചര്യങ്ങളിലുള്ളവരെ Accompany ചെയ്യാൻ സാധിക്കുന്ന ഒരു അജപാലന ശുശ്രൂഷ ആവശ്യമാണ്. ഓരോ രാജ്യത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുവേണം ഇതു നിർവ്വഹിക്കാൻ. നമ്മുടെ ദേശത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രബോധനത്തിന്റെ ഉള്ളടക്കം കൂടുതലായി മനസ്സിലാക്കാൻ നാം ശ്രമിക്കണം.

# "സ്നേഹത്തിന്റെ സന്തോഷം" നിർദ്ദേശിക്കുന്ന ധാർമ്മിക അപഗ്രഥനശൈലി

(2016 ആഗസ്റ്റ് 16-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസ് നടന്ന കേരളസഭയിലെ മെത്രാന്മാരുടെയും, ദൈവശാസ്ത്രജ്ഞന്മാരുടെയും സമ്മേളനത്തിൽ **റവ. ഡോ. ഹോർമിസ് മൈനാട്ടി** അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം)

പരമ്പരാഗതമായി കാനോൻ നിയമത്തിന്റെ കർശനമായ കണ്ണിലൂടെ മാത്രം വീക്ഷിച്ചിരുന്ന ഒരു ജീവിത യാഥാർത്ഥ്യത്തെ ധാർമ്മിക വീക്ഷണത്തിലൂടെ വിലയിരുത്തി ആവശ്യമായ അജപാലന സമീപനം സ്വീകരിക്കണമെന്ന നിർദ്ദേശം 'സ്നേഹത്തിന്റെ സന്തോഷം' വലിയൊരു പ്രത്യേകതയായി തോന്നുന്നു. വിവാഹജീവിതത്തിൽ ക്രമരഹിതസാഹചര്യങ്ങളിൽ ജീവിക്കുന്നവരുടെ അവസ്ഥയെ നിയമാധിഷ്ഠിതമായി വിലയിരുത്തുമ്പോൾ എല്ലാവരും ഒരുപോലെ കുറ്റക്കാരും ശിക്ഷാർഹരുമാണ്. എന്നാൽ അതേ സാഹചര്യത്തെ ധാർമ്മികമായി വിലയിരുത്തുമ്പോൾ എല്ലാവരും ഒരുപോലെ തെറ്റുകാരല്ലെന്നും അനുഭാവപൂർണ്ണമായ അജപാലന സമീപനം അവരോട് ആവശ്യമാണെന്നും കാണാൻ കഴിയും.

കുടുംബാംഗങ്ങളുടെ യഥാർത്ഥവും വസ്തുനിഷ്ഠവുമായ സാഹചര്യങ്ങളേയും പ്രായോഗിക സാദ്ധ്യതകളേയും കണക്കിലെടുക്കാത്ത ഒരു ആദർശമാണ് വിവാഹത്തെക്കുറിച്ച് പലപ്പോഴും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. മാർപാപ്പയുടെ അഭിപ്രായത്തിൽ പരിധിവിട്ട ഈ ആദർശവല്ക്കരണം വിവാഹത്തെ ആകർഷകവും അഭിലഷണീയവുമായി അവതരിപ്പിക്കാൻ തടസ്സമായിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച സഭയുടെ സന്ദേശവും നിലപാടുകളും യേശുവിന്റെ സന്ദേശവുമായി പൊരുത്തപ്പെടുന്നില്ലെന്ന് പലർക്കും ആക്ഷേപമുണ്ടെന്നാണ് മാർപാപ്പയുടെ നിരീക്ഷണം.

Amoris Laetitia യുടെ ഏറ്റവും വലിയ സവിശേഷത അതിന്റെ hisorical outlook ആണ്. ഒരു classicist world-view ൽ നിന്നും historical world-view ലേക്കുള്ള മാറ്റം അതുപയോഗിക്കുന്ന Moral methodology യിലും പ്രതിഫലിക്കുന്നുണ്ട്.

സിനഡുപിതാക്കന്മാരുടെ (2014) അഭിപ്രായത്തെ പരാമർശിച്ചുകൊണ്ട് മാർപാപ്പ ഇപ്രകാരം പറയുന്നു: വിവാഹ ഉടമ്പടിയുടെ ഏത് ലംഘനവും ദൈവേഷ്ടത്തിന് വിരുദ്ധമാണ്. എന്നാൽ തന്റെ മക്കളുടെ ബലഹീനതയെക്കുറിച്ച് സഭയ്ക്ക് ബോദ്ധ്യമുണ്ട്. സഭാ ജീവിതത്തിൽ അപൂർണ്ണമായിട്ടാണെങ്കിലും പങ്കുചേരുന്നവരേയും സഭ കാരുണ്യത്തോടെ പരിഗണിക്കുന്നു. നന്മ ചെയ്യാനും സ്നേഹത്തോടെ പരസ്പരം ശുശ്രൂഷിക്കാനും സമൂഹത്തെ സേവിക്കാനും അവർക്ക് കഴിയും. അതുകൊണ്ട് അവരുടെ ജീവിതത്തിലും ദൈവകൃപ പ്രവർത്തിക്കുന്നുണ്ടെന്ന് സഭ അംഗീകരിക്കുന്നു. പൂർണതയിലേക്ക് വളരാൻ നിരന്തരം ക്ഷണിക്കുകയും ദൈവത്തോട് പൂർണമായി പ്രത്യുത്തരം നൽകാൻ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും സഭ തന്റെ ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടും കൂടി സഹഗമിക്കണം. സഭയുടെ ദൗത്യം യുദ്ധരംഗത്ത് സ്ഥാപിതമായിരിക്കുന്ന ഒരു സൈനിക ആശുപത്രിയുടേതാണ്(291). മുറിവേറ്റവരെ സ്നേഹത്തോടെ ശുശ്രൂഷിക്കുന്ന സഭയാണ് ഫ്രാൻസീസ് മാർപാപ്പ വിഭാവനം ചെയ്യുന്നത്.

വിവാഹജീവിത്തിൽ ക്രമരഹിതമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരെ എപ്രകാരമാണ് പരിഗണിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സിനഡു പിതാക്കന്മാർ അഭിപ്രായ ഐക്യത്തിലെത്തി എന്നും അവരുടെ നിലപാടിനെ താൻ അംഗീകരിക്കുന്നുവെന്നും മാർപാപ്പ പറയുന്നു. സിവിൽ വിവാഹം ചെയ്തവരോടും വിവാഹ ബന്ധം വേർപെടുത്തി പുന:ർവിവാഹം ചെയ്തവരോടും കൂടിതാമസിക്കുന്നവരോടുമുള്ള അജപാലന സമീപനത്തെക്കുറിച്ച് പരിഗണിക്കുമ്പോൾ അവരുടെ ജീവിതത്തിൽ ദൈവകൃപ എപ്രകാരം പ്രവർത്തിക്കുന്നുവെന്നും അവരെ സംബന്ധിച്ച ദൈവികപദ്ധതിയുടെ പൂർണ്ണതയിലെത്തിച്ചേരാൻ എന്തുചെയ്യണമെന്നും പഠിപ്പിക്കാൻ സഭയ്ക്ക് കടമയുണ്ട്(297).

2015 സിനഡിന്റെ നിഗമനങ്ങളെ അംഗീകരിച്ചുകൊണ്ട് മാർപാപ്പ ഇപ്രകാരം സൂചിപ്പിക്കുന്നു. ക്രമരഹിതമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ദമ്പതിമാർ ഓരോരുത്തരുടേയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ എല്ലാ സഹചര്യങ്ങളേയും വിലയിരുത്താൻ കഴിയുന്ന പൊതുനിയമങ്ങൾ നൽകാനാവി

ല്ലെന്ന് മനസ്സിലാക്കാൻ കഴിയും. എല്ലാ കേസിനേയും ഉത്തരവാദിത്വം ഒരുപോലെ അല്ലാത്തതുകൊണ്ട് ഓരോ കേസുകളേയും പ്രത്യേകം വിവേചിച്ചറിയാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കണം(300).

എന്നാൽ അജപാലനപരമായ വിവേചിച്ചറിയൽ എപ്പോഴും ശരിയായി രൂപീകരിച്ച മന:സാക്ഷിയെ ആശ്രയിച്ചുവേണം(302).

351-ാമത്തെ അടിക്കുറിപ്പിലെ കൂദാശകളെക്കുറിച്ചുള്ള പരാമർശനത്തിലൂടെ വിവാഹമോചനത്തിനുശേഷം സിവിൽ വിവാഹം ചെയ്തു ജീവിക്കുന്നവർക്ക് ചില സാഹചര്യങ്ങളിൽ കുമ്പസാരം, കുർബാന തുടങ്ങിയ കൂദാശകൾ സ്വീകരിക്കാനുള്ള സാദ്ധ്യത മാർപാപ്പ തുറന്നുകൊടുക്കുന്നു എന്ന് വ്യാഖ്യാനിക്കുന്നുവരുണ്ട്. പക്ഷെ ബഹുഭൂരിപക്ഷം പേരും ഈ പ്രമാണരേഖ ഈ വിഷയത്തിൽ മുൻകാലത്തെ സഭാപഠനങ്ങൾ ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത് എന്ന് അഭിപ്രായപ്പെടുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട പരമ്പരാഗത പഠനങ്ങൾ ഒരു അപ്പസ്തോലിക പ്രമാണ രേഖയുടെ ഒരു അടിക്കുറിപ്പു വഴി മാറ്റം വരുത്തുന്നു എന്ന സൂചനകളൊന്നുമില്ല. വിശ്വാസ കാര്യാലയത്തിന്റെ പ്രീഫക്ട് Cardinal Muller ഈ അഭിപ്രായക്കാരനാണ്. പിന്നെ എന്തിനാണ് ഈ അടിക്കുറിപ്പ് എന്ന ചോദ്യം അവശേഷിക്കുന്നു.

വിവാഹം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന ജീവശാസ്ത്രപരവും ചരിത്രപരവുമായ സാഹചര്യങ്ങളുണ്ടാകുമ്പോൾ സുവിശേഷാദർശത്തിൽ നിന്നും പിന്മാറാതെ തന്നെ അത്തരക്കാരോട് ക്ഷയും ദയയും പ്രകടിപ്പിക്കേണ്ടതാവശ്യമാണ്. ഇത്തരം സാഹചര്യങ്ങളിൽ ആശയക്കുഴപ്പത്തിന് കാരണം നൽകാതിരിക്കാൻ വളരെ കർക്കശമായ നിലപാടു സ്വീകരിക്കുന്നവരുണ്ട്. പക്ഷേ മനുഷ്യബലഹീനതകളുടെ മധ്യത്തിലും പ്രവർത്തിക്കുന്ന പരിശുദ്ധാമാവിനെകുറിച്ച് അവബോധമുള്ള ഒരു സഭയായിരിക്കണം നമ്മുടേത്. സഭ തന്റെ പഠനങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയും അതേസമയം തനിക്കു ചെയ്യാൻ കഴിയുന്ന നന്മ പരമാവധി ചെയ്യുകയും വേണം. കാലിൽ ചെളി പുരണ്ട ഒരു സഭയെയാണ് മാർപാപ്പ വിഭാവനം ചെയ്യുന്നത്. അജപാലകർ സഭയുടെ പഠനങ്ങൾ കൃത്യമായി ജനങ്ങളുടെ മുമ്പിൽ അവതരിക്കുമ്പോഴും ബലഹീനരായവരെ അനുകമ്പയോടെ വീക്ഷിക്കാനും പ്രകോപനവും ധൃതിപിടിച്ചുള്ള വിധി തീർപ്പുകൾ ഒഴിവാക്കാനും മാർപാപ്പ ആഹ്വാനം ചെയ്യുന്നു. ആരേയും വിധിക്കരുതെന്നാണ് സുവിശേഷം പറയുക(308).

കരുണ സഭയുടെ മുഖമുദ്രയാകണം, എല്ലാ അജപാലന പ്രവർത്തനങ്ങളിലും നമ്മൾ പലപ്പോഴും കൃപാവരം എളുപ്പമാക്കുന്നവർ എന്നതിനേക്കാൾ അതിന്റെ വിധിയാളന്മാരാകുന്നു. സഭ ഒരു ചുങ്ക സ്ഥലമല്ല, പിതാവിന്റെ ഭവനമാണ്. അവിടെ എല്ലാവർക്കും സ്ഥലമുണ്ട് (310).

ധാർമ്മിക അപഗ്രഥനം എപ്പോഴും ഉത്തരവാദിത്വത്തേയും കുറ്റത്തേയും ലഘൂകരിക്കുന്ന സാഹചര്യങ്ങളുടെ പ്രത്യേകതകളെ കണക്കിലെടുക്കണം. സഭയുടെ ധാർമ്മിക പ്രബോധനങ്ങളോട് വിശ്വസ്തത കാണിക്കുമ്പോഴും നമ്മുടെ അജപാലന പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തിന് സ്ഥാനം നൽകാൻ മറക്കരുത്. ദൈവത്തിന്റെ കരുണയെ അപ്രസക്തമാക്കുന്ന ഏത് ദൈവശാസ്ത്ര സമീപനവും തെറ്റായി പരിഗണിക്കണം എന്ന് മാർപാപ്പ അഭിപ്രായപ്പെടുന്നു (311). കരുണാപൂർണമായ സ്നേഹത്താൽ പ്രചോദിക്കപ്പെടുന്ന അജപാലന വിവേചനത്തിന്റെ (Pastoral discernment) ഒരു സഹചര്യം സഭയിലുണ്ടാകണം (312).

# "സ്നേഹത്തിന്റെ സന്തോഷം" ഒരു അച്ചൻ മകൾക്കെഴുതിയ കത്ത്

(2016 ആഗസ്റ്റ് 16-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസ് നടന്ന കേരളസഭയിലെ മെത്രാന്മാരുടെയും, ദൈവശാസ്ത്രജ്ഞന്മാരുടെയും സമ്മേളനത്തിൽ **ഡോ. മേരി റെജീന എഫ്.** അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം)

പരിശുദ്ധ പിതാവ് തന്റെ സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ 176-ാം ഖണ്ഡികയിൽ അച്ചനില്ലാത്ത ഒരു സമൂഹത്തെക്കുറിച്ച് - സ്വന്തം ജോലിയിലും താല്പര്യങ്ങളിലും വ്യാപൃതരായതിനാൽ കുടുംബത്തിനും കുട്ടികൾക്കും ശ്രദ്ധ നല്കാനാകാത്ത കുടുംബനാഥന്മാരെക്കുറിച്ച് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പയുടെ ഈ പ്രബോധനത്തിൽ ഞാൻ കേട്ടിട്ടുള്ള ഒരു നല്ല അച്ചനെ ഞാൻ കണ്ടുമുട്ടി - ദൈവത്തോടുവിശ്വസ്തത പുലർത്തുന്ന, ദൈവത്തിൽ ശരണം വയ്ക്കുന്ന, പ്രവർത്തനനിരതനും, അദ്ധ്യാപകനും, കുടുംബത്തിന് പ്രതീക്ഷ നൽകുന്നവനും, ഭാവാത്മകമായി ചിന്തിക്കുന്നവനും, വിശ്വസ്തനും, കുട്ടികളെ സർവ്വോന്മുകരായി വളർത്താൻ കഴിയുന്നവനുമായ ഒരച്ചൻ.

കുടുംബത്തിന്റെ സന്തോഷം സഭയുടെ സന്തോഷമാണെന്ന് പറഞ്ഞു തുടങ്ങിയ പാപ്പായുടെ പ്രബോധനം എനിക്ക് വേണ്ടി തന്നെയാണെന്ന് ഞാൻ തീർത്തും വിശ്വസിക്കുന്നു. ഞാൻ സന്തോഷവതിയായിരിക്കാൻ പാപ്പ ആഗ്രഹിക്കുന്നു. ഒരു കണ്ണാടിയുടെ മുമ്പിലെന്നപോലെ എന്നെയും ഒപ്പം കുടുംബാഗങ്ങളെയും പാപ്പാ നിറുത്തിയിരിക്കുന്നു. അതെ, ഭർത്താവും, മക്കളും, സഹോദരങ്ങളും, മുത്തച്ഛനും, മുത്തശ്ശിയും, അമ്മാവന്മാരും, അമ്മായിമാരും, അയൽപക്കങ്ങളും ഉൾപ്പെടുന്ന ഞങ്ങളുടെ കുടുംബം സന്തോഷിക്കുന്നതു കാണാൻ പാപ്പാ ആഗ്രഹിക്കുന്നു. അതെ, ഈ പ്രബോധനം എനിക്കെഴുതിയ കത്ത് തന്നെ.

പാപ്പാ ഈ പ്രബോധനത്തിലൂടെ വിവാഹം, ലൈംഗികത, കുടുംബം, എന്നിവയുടെ സത്യങ്ങൾ അർത്ഥശങ്കയില്ലാതെ വിവരിച്ചിരിക്കുന്നു. ഞെരുക്കത്തിലായവരുടെ പക്കലേക്ക് കരുണയോടെ കടന്നു ചെല്ലാൻ ആഹ്വാനം ചെയ്യുന്നു. എനിക്കേറെ ഇഷ്ടപ്പെട്ടത് പൗലോസ്ശ്ലീഹായുടെ സ്നേഹത്തെക്കുറിച്ചുള്ള പ്രതിപാദനത്തെ ആസ്പദമാക്കിയുള്ള 4- ഉം, 5- ഉം അദ്ധ്യായങ്ങളാണ്. അതിലെ വിവരണങ്ങൾ ധ്യാനത്തിനും ആത്മപരിശോധനയ്ക്കും എന്നെ പ്രേരിപ്പിക്കുന്നു. കുടുംബത്തിൽ അമ്മയുടെയും അച്ഛന്റെയും മുത്തച്ഛന്റെയും, മുത്തശ്ശിയുടെയും പങ്ക്, ഗർഭകാല അനുഭവങ്ങൾ, സ്ത്രീപക്ഷം എന്നിവ അതിലെ പ്രതിപാദ്യ വിഷയങ്ങളാണ്. സ്നേഹത്തെ ഒഴിവാക്കി വിവാഹത്തിന്റെ സുവിശേഷം സാക്ഷാത്ക്കരിക്കാനാകില്ലെന്ന് പാപ്പാ ഉറപ്പിച്ചു പറയുന്നു. വിവാഹത്തിലെ സ്നേഹത്തിന്റെ അനന്യത, ദാമ്പത്യ ബന്ധത്തിലെ സ്നേഹത്തിന്റെ വളർച്ച, തീവ്ര വികാരമുള്ള സ്നേഹം, പരിവർത്തനത്തിനുതകുന്ന സ്നേഹം, ഫലപൂർണ്ണമായ സ്നേഹം എന്നീ ആശയങ്ങൾ കുടുംബജീവിതത്തിന്റെ സന്തോഷം പരിപൂർണ്ണമാക്കാൻ എത്രയധികം അനിവര്യമാണെന്ന് പാപ്പാ വളരെ ലളിതവും അതേസമയം അർത്ഥ ഗർഭമായും അവതരിപ്പിച്ചിരിക്കുന്നു.


പ്രിയ അജപാലകരെ, ഞാൻ നിങ്ങളുടെ മുമ്പിൽ ഒരു എളിയ സംശയം അവതരിപ്പിക്കട്ടെ. ധൂർത്തപുത്രന്റെ ഉപമയിൽ സ്നേഹത്തോടെ കാത്തുനില്ക്കുന്ന വാത്സല്യനിധിയായ പിതൃസാന്നിധ്യങ്ങൾ തന്നെയാണോ നിങ്ങൾ?

# ദളിത് ക്രൈസ്തവരുടെ പോരാട്ടങ്ങൾ ശക്തിപ്പെടുത്തണം

(2016 ആഗസ്റ്റ് 23, 24-ാം തീയതികളിൽ പി.ഒ.സിയിൽ നടന്ന ദളിത് കത്തോലിക്കാ മഹാജനസഭ (ഡി.സി.എം.എസ്) സംസ്ഥാനസമ്മേളനത്തിൽ **ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്** നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിന്റെ സംക്ഷിപ്തം)

**ഇ**ന്ത്യയിലെ 16 മില്യൺ ജനസംഖ്യ വരുന്ന ദളിതരുടെ പോരാട്ടങ്ങൾ കഴിഞ്ഞ 60 വർഷങ്ങളായി ഫലം കണ്ടെത്തിയിട്ടില്ല. മാറിമാറി വരുന്ന സർക്കാരുകൾ ദളിതരുടെ ആവശ്യങ്ങളോട് മുഖം തിരിച്ച് നിൽക്കുകയാണ്. വർഷങ്ങളായി സുപ്രീം കോടതിയിൽ ഉള്ള കേസ് ഭരണഘടനാ ബഞ്ചിൽ തീരുമാനമാകാതെ കിടക്കുന്നു. മൂന്നുവിധത്തിലുള്ള പോരാട്ടമാണ് ഇന്ന് ദളിത് ക്രൈസ്തവർ നടത്തേണ്ടിവരുന്നത്.

1. **രാഷ്ട്രീയ സംവിധാനങ്ങളോടും നീതിന്യായ കോടതിയോടും അർഹമായ അംഗീകാരം ആവശ്യപ്പെട്ടുള്ള പോരാട്ടം:** ദളിതർക്ക് ആനുകൂല്യങ്ങൾ നൽകാൻ നിയമനിർമ്മാണത്തിന് പാർലമെന്റ് കനിയേണ്ടിയിരിക്കുന്നു. നിലവിലുള്ള കേസിൽ തീർപ്പ് കല്പിക്കാനോ സുപ്രീം കോടതിയുടെ അധികാരമുപയോഗിച്ച് ദളിതർക്കനുകൂലമായ ഉത്തരവ് നൽകാനോ നീതിന്യായം തയ്യാറാകണം.
2. **സാമൂഹ്യ വ്യവസ്ഥിതിയോടുള്ള പോരാട്ടം:** മ്ലേച്ഛമായ ജാതി വ്യവസ്ഥിതി ദളിതരെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തുന്നു; അവർക്ക് നീതി നിഷേധിക്കുന്നു. ഒരുവന് അർഹമായത് നൽകുന്നതാണ് നീതി. അത് ഭരണഘടന വിഭാവനം ചെയ്യുന്ന ജീവിക്കാനുള്ള മൗലിക അവകാശമാണ്. ശുദ്ധവായുവും, ശുദ്ധജലവും, ചിന്താസ്വാതന്ത്ര്യവും, വിദ്യാഭ്യാസവും, പാർപ്പിടവും ആരോഗ്യകരമായ ഭക്ഷണവും എല്ലാവർക്കും അവകാശപ്പെട്ടതാണ്. സമൂഹത്തിൽ ഏറ്റവുമധികം അവഗണിക്കപ്പെടുന്ന ദളിത് സമൂഹത്തിന് തൊഴിൽ സംവരണവും ആരോഗ്യ പരിരക്ഷയും ലഭിക്കുന്ന അന്തരീക്ഷം സംജാതമാകണം. ഇതിന് പറ്റിയ മാറ്റങ്ങൾ രാഷ്ട്രീയധികാരികളിൽ ഉണ്ടാകണം. ജനങ്ങളെ ബോധവൽക്കരിക്കണം. നൈയാമികമായ ഇടപെടൽ ഉണ്ടാകണം.
3. **സഭയ്ക്കകത്തു തന്നെയുള്ള വിവേചനത്തിനെതിരെയുള്ള പോരാട്ടം:** ദളിതർ സ്വന്തം സമുദായത്തിൽ അവഗണിക്കപ്പെടുന്നു. എല്ലാവരും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവമക്കളാണെന്നും അതിനാൽ നാം പരസ്പരം സഹോദരങ്ങളാണെന്നുമുള്ള കാഴ്ചപ്പാട് ഇനിയും സഭയ്ക്കകത്തുണ്ടാകേണ്ടിയിരിക്കുന്നു. ദളിതരുമായി വിവാഹബന്ധം സ്ഥാപിക്കാനും, പൗരോഹിത്യം മുതലായ നേതൃത്വതലങ്ങളിലേക്ക് ദളിതരെ കൂടുതലായി സ്വീകരിക്കാനും ഇനിയും സഭ വളരേണ്ടിയിരിക്കുന്നു.



ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, (വൈസ് ചെയർമാൻ, ഡി.സി.എം.എസ്)

# ദളിത് ക്രൈസ്തവർ ഭരണഘടനാഭേദഗതിക്കും കോടതിമുഖേനയുള്ള നിയമനിർമാണത്തിനും പരിശ്രമിക്കണം

(2016 ആഗസ്റ്റ് 23, 24-ാം തീയതികളിൽ പി.ഒ.സിയിൽ നടന്ന ദളിത് കത്തോലിക്കാ മഹാജനസഭ (ഡി.സി.എം.എസ്) സംസ്ഥാനസമ്മേളനത്തിൽ **ജസ്റ്റിസ് ബി കമാൽ പാഷ** നടത്തിയ ഉദ്ഘാടനപ്രസംഗത്തിന്റെ സംക്ഷിപ്തം)

**പാ**രമ്പര്യം പറഞ്ഞാൽ നമ്മുടെ പൂർവ്വികരെല്ലാം ആദിവാസികളായിരുന്നു. ഇപ്പോൾ വനത്തിനകത്ത് താമസിക്കുന്നവരെയാണ് നാം ആദിവാസികളെന്ന് വിളിക്കുന്നത്. യഥാർത്ഥത്തിൽ വനത്തിൽ താമസിക്കുന്നവരും പുറത്തുള്ളവരും ഒരേ ഗണത്തിൽ നിന്നുള്ളവരാണ്. ആദ്യകാലങ്ങളിൽ ശക്തിയുള്ളവൻ ശക്തി കുറഞ്ഞവനെ കീഴ്പ്പെടുത്തിയിരുന്നു. പിന്നീട് ജാതികളുണ്ടായി. അങ്ങനെ ഒന്ന് മറ്റൊന്നിന്റെ മേൽ മേൽക്കോയ്മ പുലർത്താൻ തുടങ്ങി. ജാതി മനുഷ്യന്റെ സൃഷ്ടിയാണ്.

മതേതരത്വം നമ്മുടെ ഭരണഘടനയുടെ ഹൃദയമാണ്. ഇന്ത്യയിലേതുപോലെ ഭാഷയിലും മതത്തിലും ജാതിയിലും, സംസ്ക്കാരത്തിലും ഇത്രയധികം വൈവിധ്യമുള്ള മറ്റൊരു രാജ്യം ഇല്ല. ആയതിനാൽ ഇവിടെ ഐക്യം നിലനിർത്താൻ സമന്വയത്തിന്റെയും സഹിഷ്ണുതയുടെയും ഒരു സാമൂഹ്യക്രമ സംവിധാനവും പരസ്പരധാരണയും അനിവാര്യമാണ്. എന്നാൽ ഇത് പൂർണ്ണമായും സഫലമാകുന്നില്ലെന്നത് സത്യമാണ്. അവയവദാനത്തിൽ ആരും ജാതിനോക്കാറില്ല. ജനിച്ച് വീഴുന്ന ഒരു കുഞ്ഞ് ജാതിമതഭേദ വിത്യാസമില്ലാതെ ഒരേ രീതിയിലാണ് കരയുന്നത്. എന്നാൽ കാലാന്തരത്തിൽ വളർച്ചയിൽ മറ്റ് പലതും ചേർക്കപ്പെടുകയാണ്.



ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന സമിതിയുടെ സമ്മേളനം ശ്രീ ജസ്റ്റിസ് ബി കമാൽ പാഷ പിഒസിയിൽ ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. പി. രാമഭദ്രൻ, ഫാ. ഷാജ്കുമാർ, ശ്രീ. എ. അംബി കുളത്തൂർ, ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, ശ്രീ. ജോർജ് എസ്. പള്ളിത്തറ, ഫാ. വർഗീസ് വള്ളിക്കാട്ട്, ശ്രീ. ജോണി ജോസഫ് പരമല എന്നിവർ സമീപം

ഭരണഘടനയുടെ 25-ാം വകുപ്പ് ഓരോ പൗരനും ഇഷ്ടമുള്ള മതവിശ്വാസം പ്രഖ്യാപിക്കാനും, ജീവിക്കാനും, പ്രചരിപ്പിക്കാനുമുള്ള മൗലികാവകാശം വിഭാവനം ചെയ്യുന്നുണ്ട്.

പ്രചരിപ്പിക്കുക എന്നതുകൊണ്ട് നിർബന്ധിത പരിവർത്തനം ഉദ്ദേശിക്കുന്നില്ല. നിർബന്ധിത പരിവർത്തനം ഭരണഘടനാ വിരുദ്ധമാണ്.

ഭരണഘടനയുടെ നിർദ്ദിഷ്ട പട്ടികയിൽ ചേർത്തിട്ടുള്ളവർ മാത്രമാണ് പട്ടികജാതി, പട്ടിക വർഗ്ഗക്കാരായി പരിഗണിക്കപ്പെടുന്നത്. ജാതി മത വിശ്വാസാടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കൂടാതെ ഇന്ത്യയിൽ ഒരു പൗരന്റെ ജാതി നിർണ്ണയിക്കപ്പെടുന്നത് പിതൃത്വം അടിസ്ഥാനമാക്കിയാണ്. ആയതിനാൽ ഈ പട്ടികയ്ക്ക് പുറമെ വരുന്നവർ എന്നനിലയിൽ ദളിത് ക്രൈസ്തവർ ഒരു നിയമപ്രതിസന്ധി നേരിടുന്നു. അവർക്ക് പട്ടികജാതി പട്ടിക വർഗ്ഗത്തിനുള്ള സമാന പരിഗണനയ്ക്ക് രാഷ്ട്രീയ സംവിധാനം അഥവാ പാർലമെന്റ് ഭരണഘടന ഭേദഗതി നടത്തണം. അല്ലാത്തപക്ഷം ഭരണഘടനയുടെ 41, 42 വകുപ്പുകളുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ പ്ലീനറി അധികാരം ഉപയോഗിച്ച് അങ്ങനെയൊരു നിയമം നിർമ്മിക്കാൻ സാഹചര്യമൊരുക്കണം. പട്ടികയിൽ ഉൾപ്പെട്ട ഒരു പൗരൻ അതിൽ ഉൾപ്പെടാത്ത മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്തശേഷം ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കണമെന്ന ആവശ്യത്തിൽ വൈരുദ്ധ്യമുണ്ട്. മാത്രമല്ല പിതൃത്വം പരാമ്പര്യത്തെ നിശ്ചയിക്കുമെന്നതിനാൽ വരും തലമുറയ്ക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടാകാനിടയില്ല.

ദളിത് ക്രൈസ്തവർ കഷ്ടതയനുഭവിക്കുന്നവരാണ്. ഉച്ചനീചത്വം ഹീനമാണ്. ഭരണഘടനയുടെ 24-ാം വകുപ്പ്, ജാതി, മത, ലിംഗ ഭേദമന്യേ എല്ലാവർക്കും നിയമത്തിന്റെ മുമ്പിൽ തുല്യത വിഭാവനം ചെയ്തിട്ടുണ്ട്. നാമിന്ന് ഊന്നൽ നൽകുന്നത് 21-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ജീവിക്കാനുള്ള അവകാശമാണ്. ആരും അടച്ചിമർത്തപ്പെടാൻ പാടില്ല. സാമൂഹ്യ പ്രശ്നങ്ങൾ ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണ്. എല്ലാവർക്കും ശുദ്ധവായു, ശുദ്ധജലം, ആരോഗ്യകരമായ ഭക്ഷണം, കിടപ്പാടം, വിദ്യാഭ്യാസം സ്വതന്ത്രമായി ചിന്തിക്കാനുള്ള അവകാശം എന്നിവ ഉണ്ട്. ഒരാൾ പുതിയ മതം സ്വീകരിക്കുമ്പോൾ അതിനകത്തുതന്നെ ഒരു വേർതിരിവ് ഉണ്ടാകുന്നു എന്നതും ദു:ഖകരമാണ്.

ഇന്ത്യയിൽ ജീവിക്കുന്ന ഏതൊരു പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുമ്പോൾ ഭാരതത്തിലെ ദളിത് ക്രൈസ്തവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അനീതിയാണ്. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്കുള്ള അതേ ആനുകൂല്യങ്ങൾക്കായുള്ള ദളിത് ക്രൈസ്തവരുടെ ആവശ്യം ഒരു നിയമപരമായ പ്രതിസന്ധിയെ നേരിടുന്നു. ഇന്ന് ദളിത് ക്രൈസ്തവർ നേരിടുന്ന ഈ അവഗണനയെ ഭാരതസർക്കാർ ഗൗരവമായിക്കണ്ട് ദളിത് ക്രൈസ്തവ സംവരണ വിഷയത്തിന് ഒരു പരിഹാരം കണ്ടെത്തണം. അല്ലാത്തപക്ഷം ദളിതർക്ക് അന്തസ്സോടെ ജീവിക്കുവാനുള്ള അവകാശം നിഷേധിക്കുകയാണ് ചെയ്യുന്നത്.

# വനിതാ ശിശുക്ഷേമ മന്ത്രിക്കു മൃഗക്ഷേമത്തിലാണ് താല്പര്യം!

അക്രമകാരികളായ തെരുവുനായ്ക്കളെ കൊല്ലാമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിനെതിരെ കേന്ദ്ര വനിതാ-ശിശുക്ഷേമ വകുപ്പ് മന്ത്രി രംഗത്തുവന്നിരിക്കുന്നു. വനിതകളുടെയും കുട്ടികളുടെയും ജീവനിലോ സുരക്ഷയിലോ ഉള്ളതിനേക്കാൾ താല്പര്യം വനിതാ ശിശുക്ഷേമ മന്ത്രിക്കു മൃഗക്ഷേമത്തിലാണെന്നു ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്.

കേരളത്തിലെ വീട്ടമ്മമാരിലൊരാളെ തെരുവുനായ ജീവനോടെ ആഹാരമാക്കിയത് വനിതാക്ഷേമ വകുപ്പ് മന്ത്രിയെ അല്പം പോലും അലോസരപ്പെടുത്തിയതായി കാണുന്നില്ല. കേരളത്തിലെ നൂറുകണക്കിന് കുഞ്ഞുങ്ങളെ തെരുവുനായ്ക്കൾ ആക്രമിച്ചു കണ്ണും കവിളും കടിച്ചെടുത്തിട്ടും കൈകാലുകൾ കടിച്ചുമുറിച്ചിട്ടും ഒരമ്മകൂടിയായ ശിശുക്ഷേമമന്ത്രി അങ്ങനെ എന്തെങ്കിലും അറിഞ്ഞിട്ടുള്ളതായി നടിക്കുന്നുപോലുമില്ല.

കേന്ദ്ര സർക്കാരിൽ മൃഗക്ഷേമ വകുപ്പിന്റെ ചുമതലയുള്ളതു വനം-പരിസ്ഥിതി വകുപ്പിനാണെന്നു മനസിലാക്കുന്നു. അതിന്റെ ചുമതല ശ്രീ. അനിൽ മാധവ് ദവെ എന്ന മന്ത്രിക്കാണ്. വനം പരിസ്ഥിതി വകുപ്പിനുകീഴിൽ മൃഗക്ഷേമ ബോർഡിന്റേതായി ഓരോ സംസ്ഥാനത്തിന്റെയും ചുമതലയുള്ള ഓഫിസർമാരുണ്ട്. ഏതെങ്കിലും സംസ്ഥാനത്തിന്റെ ചുമതലക്കാരിയായി മേനകഗാന്ധിയുടെ പേരുകാണുന്നില്ല. വനം-പരിസ്ഥിതി മന്ത്രാലയത്തിന് കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ വെൽഫെയർ എന്നോരു സ്ഥാപനമുണ്ട്. വനിതാ ശിശുക്ഷേമ വകുപ്പിനോ മന്ത്രിക്കോ അതിൽ എന്തെങ്കിലും ചുമതലയുള്ളതായിട്ടും കാണുന്നില്ല.

അപ്പോൾ കേന്ദ്ര മൃഗക്ഷേമ വകുപ്പിൽ കേന്ദ്ര വനിതാ-ശിശുക്ഷേമ മന്ത്രിക്കു എന്തെങ്കിലും ചുമതലയോ അതിന്റെ പേരിലുള്ള ഉത്തരവാദിത്വങ്ങളെ ഇല്ല. അതായതു, വനിതാ ശിശുക്ഷേമ മന്ത്രിക്കു വനിതകളോടും ശിശുക്കളോടുമില്ലാത്ത താല്പര്യം മൃഗങ്ങളോട് തോന്നാൻ കാരണം ഭരണപരമല്ല; തികച്ചും വ്യക്തിപരമാണ്. കേന്ദ്രസർക്കാരിലുള്ള തന്റെ അധികാരവും സ്വാധീനവും ഉപയോഗിച്ച് തന്റെ വ്യക്തിപരമായ താല്പര്യങ്ങൾ സംസ്ഥാന സർക്കാരിനുമേലും പൗരസമൂഹത്തിന്റെ മേലും അടിച്ചേൽപ്പിക്കുന്നതിന് എന്തു ന്യായീകരണമാണുള്ളത്? ഇത് നഗ്നമായ അധികാര ദുർവിനിയോഗവും പൗരന്മാരുടെ ജീവനും സുരക്ഷതത്വത്തിനും വിലകല്പിക്കാത്ത സോച്ഛാധികാര പ്രയോഗവുമല്ലാതെ മറ്റെന്താണ്?

അധികാര സ്ഥാനങ്ങളിൽ വാഴുന്നവർ പുലർത്തുന്ന സ്വേച്ഛാപരമായ ഇത്തരം സമീപനങ്ങൾ കാലത്തിന്റെ ചുവരെഴുത്തുകളായി മാത്രമേ കാണാൻ കഴിയൂ. ഇത്തരം അധികാരികൾ അക്രമകാരികളായ മൃഗങ്ങളെക്കാൾ ഉപദ്രവകാരികളാകുന്നതിൽ അത്ഭുതപ്പെടാനില്ല.

ചാനൽ ചർച്ചകളും സർക്കാർ പ്രഖ്യാപനങ്ങളും അവസാനിച്ചു. സിലുവമ്മയെക്കുറിച്ചുള്ള ഓർമ്മകൾ മങ്ങിത്തുടങ്ങി. കണ്ണും കവിളും നായ്ക്കൾ കടിച്ചുമുറിച്ച കുഞ്ഞുങ്ങളെയും സമൂഹം മറന്നു തുടങ്ങി. ആക്രമണ സ്വഭാവമുള്ള നായ്ക്കളെ കൊല്ലും എന്ന പ്രഖ്യാപനം സർക്കാരും സൗകര്യപൂർവം മറന്നിരിക്കുന്നു.

തെരുവുകൾ മാത്രമല്ല നാട്ടിൻപുറങ്ങളും നഗരവും നായ്ക്കൾ കൈയ്യടക്കിയിരിക്കുന്നു. നാട്ടുകാർക്കിനി രക്ഷയില്ല. ഇനി അടുത്ത ഹതഭാഗ്യയെ/നെ അല്ലെങ്കിൽ സ്കൂളിലേയ്ക്ക് നടന്നുപോകുന്ന കുട്ടികളിലൊരാളെ തെരുവുനായ്ക്കൂട്ടം കടിച്ചുകൊന്നു എന്ന് വാർത്തവരുമ്പോൾ എല്ലാ മലയാളം ചാനലുകളും, പഞ്ചായത്തു മെമ്പർ മുതൽ മുഖ്യമന്ത്രി വരെയുള്ള ജനപ്രതിനിധികളും വീണ്ടും ചർച്ച ആരംഭിക്കും. നടപ്പാക്കാൻ ആത്മാർഥതയോ താല്പര്യമൊ ഇല്ലാത്ത പ്രഖ്യാപനങ്ങൾ ആവർത്തിക്കും.

**വാൽക്കഷണം:** ഒടുവിൽ ഗതിമുട്ടിയ നാട്ടുകാർ പേയ്പിടിച്ചു തെരുവിലിറങ്ങുമ്പോൾ പെയ്വിഷം വിൽക്കുന്നവരുടെ പണത്തിന്റെ ശക്തിയിൽ നാട് വാഴുന്ന നായ്ക്കൾ നാടുവിട്ടോടേണ്ടി വരും.

**ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്** *(ഫെയ്സ്ബുക്ക് പോസ്റ്റ്)*

# നാടിനെ ലജ്ജിപ്പിക്കുന്ന ദാരുണദൃശ്യങ്ങൾ

സർക്കാർ ആശുപത്രിയിൽ മരിച്ച ഭാര്യയുടെ ശരീരവും ചുമന്ന് ആദിവാസി പത്തു കിലോമീറ്റർ നടക്കേണ്ടിവരുന്നു. മറ്റൊരിടത്ത് വൃദ്ധയുടെ ജഡം വെട്ടിമുറിച്ചു ചാക്കിൽ കെട്ടി മുള ങ്കമ്പിൽ കെട്ടിത്തൂക്കി രണ്ടുപേർ ചുമക്കുന്നു. യാത്രചെയ്യുന്നതിനിടെ ബസിൽ ഭാര്യ മരിച്ചതിനെത്തുടർന്നു യുവാവിനെ മൃതദേഹവുമായി പിഞ്ചുകുഞ്ഞിനെയും വൃദ്ധയായ അമ്മയെയും സഹിതം മഴയത്തു കാട്ടിൽ ഇറക്കിവിട്ടതാണ് അതിനുശേഷമുണ്ടായ വേറൊരു സംഭവം. ദാരുണവും മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്നതുമായ ചിത്രങ്ങൾ. ലജ്ജയാൽ നമ്മെ തലകുനിപ്പിക്കുന്ന ദൃശ്യങ്ങൾ കേഴുക, പ്രിയ നാടേ എന്നു പറയേണ്ട ദുരവസ്ഥ.

ദാരിദ്ര്യത്തിന്റെ ദൈന്യം മാത്രമല്ല ഇവയിൽ കാണുക. ഭരണകൂടത്തിന്റെ നിർവികാരതയുടെയും പൊതുസമൂഹത്തിന്റെ മനുഷ്യത്വമില്ലായ്മയുടെയും പ്രതിഫലനം കൂടിയാണ് ഇവ. ആശുപത്രിയിൽ മരിക്കുന്നവരുടെ മൃതദേഹങ്ങൾ വീട്ടിലെത്തിക്കാൻ ഒഡീഷയിലെ സർക്കാർ ആശുപത്രികൾ ആംബുലൻസ് നല്കേണ്ടതാണ്. അതിനുള്ള പദ്ധതി അവിടെ നടപ്പാക്കിയിട്ടുമുണ്ട്. പക്ഷേ, ദരിദ്രനായ ആദിവാസി ദനാ മത്സിക്ക് അതിലഭിച്ചില്ല. ഭാര്യയുടെ മൃതദേഹം തുണിയിൽ പൊതിഞ്ഞു തോളിലേറ്റി ബാലികയായ മകളോടൊപ്പം അയാൾ കിലോമീറ്ററുകൾ താണ്ടേണ്ടിവന്നു. ദരിദ്രരോടും മൃതരോടും നമ്മുടെ സമൂഹം എത്ര നിർവികാരതയോടെയും അനാദരനോടെയുമാണു പെരുമാറുന്നതെന്നു കാണിക്കുന്നതാണു രണ്ടാമത്തെ സംഭവം. അപകടത്തിൽ മരിച്ച വൃദ്ധയുടെ ശരീരം ട്രെയിനിൽ കൊണ്ടുപോകാൻവേണ്ടി വെട്ടിമുറിച്ചു ചാക്കിൽകെട്ടി ചുമക്കുന്നു. മൃഗങ്ങളെ കൊന്നു ചുമക്കുന്നതുപോലെ. ഇവിടെയും സർക്കാർ സംവിധാനം പരാജയപ്പെടുന്നതാണു കാരണം. ആശുപത്രിയിൽ നിന്നു സൗജന്യമായി ലഭിക്കേണ്ട ആംബുലൻസോ ഡോളിയോ ലഭിച്ചില്ല, ഹതഭാഗ്യയായ ആ വൃദ്ധയുടെ ശരീരം കൊണ്ടുപോകാൻ. ......

മനുഷ്യത്വത്തിനു നിരക്കാത്തതും അപമാനകരവുമായ ഈ സംഭവങ്ങൾ അത്യപൂർവം അല്ലെന്നുള്ളതാണു നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടത്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇതുപോലെയോ ഇതിലേറെയോ നിന്ദ്യമായ സംഭവങ്ങൾ നടക്കുന്നു. ദളിതരും ആദിവാസികളും പരസ്യമായി പീഡിപ്പിക്കപ്പെടുന്നത്. അപൂർവമല്ല. ആൾക്കൂട്ടങ്ങൾ നിയമം കൈയിലെടുത്തു മനുഷ്യരെ തല്ലിയും വെട്ടിയും കൊല്ലുന്ന സംഭവങ്ങളും ആവർത്തിക്കപ്പെടുന്നു. പല വിഭാഗങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനു പകരം അതിർവരമ്പുകൾക്കപ്പുറത്തേക്ക് ആട്ടിയോടിക്കുന്ന വിധമാണു ഭരണകൂടം പലപ്പോഴും പെരുമാറുന്നത്. അധികാരത്തിന്റെ ശീതീകരിച്ച ആഡംബര കാറുകളിൽ ശരവേഗത്തിൽ പായുമ്പോഴോ ശബ്ദാതിവേഗ വിമാനങ്ങളിൽ പറക്കുമ്പോഴോ ഈ യാഥാർഥ്യങ്ങൾ കാണാനോ കേൾക്കാനോ കഴിയുന്നില്ല.

ഈ പോക്കു ശരിയായ ദിശയിലല്ല. മുൻഗണനാക്രമത്തിലെ തെറ്റിരുത്തിയേ മതിയാകൂ. വലിയ മൂലധനനിക്ഷേപങ്ങൾ ആകർഷിച്ചു നാട്ടിൽ തൊഴിലും സമ്പത്തും വർധിപ്പിച്ചു സാമ്പത്തിക വളർച്ച സാധിക്കൂ എന്നതും ശരിയാണ്. പക്ഷേ, അതിനുമുമ്പ്, ഭാര്യയുടെ മൃതദേഹം തനിയേ ചുമക്കേണ്ട ദനാ മത്സിമാരെയും ആശുപത്രി ജീവനക്കാരാൽ വെട്ടിമുറിക്കപ്പെടുന്ന വൃദ്ധരെയും ആ ദുരവസ്ഥയിൽനിന്നു രക്ഷിക്കാൻ കഴിയണം. ജീവിതത്തിൽ ദാരിദ്ര്യപീഢ അനുഭവിച്ചവർക്കു മരണാനന്തരമെങ്കിലും മാന്യമായ പരിഗണന നല്കാൻ സംവിധാനം ഉണ്ടാക്കണം. അതു നല്കുമെന്ന് ഉറപ്പുള്ള സ്ഥലങ്ങളിലേ മൂലധനവും എത്തൂ. മൂലധനം ആകർഷിക്കാൻവേണ്ടി ദാരിദ്രനിർമാർജന പദ്ധതികളെ പിന്നോട്ടു തള്ളുമ്പോൾ രണ്ടും നടക്കാതെ വരികയേ ഉള്ളൂ. ഒഡീഷയ്ക്കു മാത്രമല്ല കേരളത്തിനും പാഠമാകേണ്ടതാണ് ഇത്. **(ദീപിക, 29/8/2016)**

# വാടകയ്ക്ക് ഗർഭപാത്രം: കേന്ദ്രസർക്കാറിന്റെ ബില്ലിലെ പ്രധാന വ്യവസ്ഥകൾ

**വാ**ടകയ്ക്ക് ഗർഭപാത്രമെന്ന് ഏർപ്പാട് നിരോധിച്ച് കേന്ദ്രസർക്കാർ കൊണ്ടുവരുന്ന നിയമത്തിലെ പ്രധാന വ്യവസ്ഥകൾ.

- വാടകഗർഭപാത്രം ഏർപ്പാട് സമ്പൂർണമായി നിരോധിക്കും
- കുട്ടികളുണ്ടാകില്ലെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്ന, ഇന്ത്യയിൽ താമസിക്കുന്ന, ഇന്ത്യക്കാരായ ദമ്പതികൾക്കായിരിക്കും പകരം ഗർഭപാത്രത്തിന് അർഹത. അടുത്ത ബന്ധുക്കളിൽനിന്നു മാത്രമേ ഇവർക്ക് ഗർഭപാത്രം സ്വീകരിക്കാനാവൂ. ഭർത്താവിന്റെ സഹോദരി, ഭാര്യയുടെ സഹോദരി തുടങ്ങിയവരെയാണ് അടുത്ത ബന്ധുക്കളായി പരിഗണിക്കുന്നത്.
- അനുമതി വിവാഹിതരായി അഞ്ചുവർഷം കഴിഞ്ഞിട്ടും കുട്ടികളില്ലാത്ത ദമ്പതികൾക്ക്. സ്ത്രീകൾക്കും 23 വയസ്സുമുതൽ 50 വയസ്സുവരെയും പുരുഷന്മാർക്ക് 26 വയസ്സുമുതൽ 55 വയസ്സുവരെയും അനുവാദം.
- വിവാഹിതർക്കു മാത്രമായിരിക്കും പകരം ഗർഭധാരണ സൗകര്യം.
- അവിവാഹിതർ, ഏകരക്ഷിതാവ്, സ്വവർഗ പ്രേമികൾ, വിവാഹം കഴിക്കാതെ ഒരുമിച്ച് ജീവിക്കുന്നവർ എന്നിവർക്ക് അനുമതിയില്ല.
- സ്വാഭാവികമായ രീതിയിൽ കുട്ടികളുണ്ടായവർക്ക് പിന്നീട് പകരം ഗർഭധാരണമാർഗം അനുവദിക്കില്ല.
- ഗർഭപാത്രം നൽകുന്ന സ്ത്രീകൾക്ക് ഒരുപ്രാവശ്യം മാത്രമേ അനുമതിയുള്ളൂ. ഇവർ ആരോഗ്യമുള്ള ഒരു കുഞ്ഞിന് ജന്മം നൽകിയവരായിരിക്കണം.
- സ്വാഭാവികമായി ജനിക്കുന്ന കുട്ടികൾക്കു നൽകുന്ന മുഴുവൻ അവകാങ്ങളും സ്വത്തുകളും ഈ മാർഗത്തിലുണ്ടാകുന്ന കുട്ടികൾക്കും നൽകണം.
- കുട്ടിയെ ആവശ്യമുള്ള സ്ത്രീയായിരിക്കും നിയമപ്രകാരം മാതാവ്.
- പണമിടപാടില്ലാത്ത ഗർഭധാരണമാണെങ്കിലും വ്യക്തമായ കരാറുകളുണ്ടായിരിക്കണം. മുഴുവൻ രേഖകളും ആസ്പത്രികൾ 25 വർഷം സൂക്ഷിക്കണം.
- നിയമം നടപ്പാക്കുന്നതിനും നിന്ത്രണങ്ങളേർപ്പെടുത്തുന്നതിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും സറോഗസി ബോർഡുകൾ രൂപവത്കരിക്കണം. **(മാതൃഭൂമി, 25/8/2016)**

# സി.ബി.സി.ഐ, കെസിബിസി പ്രസ്താവനകൾ

## ദേശീയ വിദ്യാഭ്യാസനയം: കപടദേശീയതയ്ക്ക് ഉദാഹരണം-സിബിസിഐ

**ന്യൂഡൽഹി:** കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിനു വിദഗ്ധ സമിതി സമർപ്പിച്ച കരടു വിദ്യഭ്യാസനയത്തിനെതിരെ രൂക്ഷ വിമർശനങ്ങളുയർത്തി ദേശീയ കത്തോലിക്കാമെത്രാൻ സമിതി (സിബിസിഐ). വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനമാതൃകയായി പുരാണ പഠനവും ഗുരുകുല സമ്പ്രദായവും ഏർപ്പെടുത്താനുള്ള കരടു നയത്തിലെ നിർദേശങ്ങളെ സിബിസിഐ നിശിതമായി വിമർശിച്ചു. കപട ദേശീയതയാണു കരടു വിദ്യാഭ്യാസ നയത്തിൽ മുഴച്ചുനിൽക്കുന്നതെന്നും സിബിസിഐ കുറ്റപ്പെടുത്തി. രാജ്യത്തിന്റെ മത, സാംസ്കാരിക ഭാഷാ ആചാര വൈവിധ്യങ്ങളെ മറികടന്ന് ഏക സംസ്കാരത്തെയും പുരാണങ്ങളെയും അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് ഇതിലെ നിർദേശങ്ങൾ.

**വിമർശനങ്ങൾ**

- ക്രൈസ്തവ, മുസ്ലീം ന്യൂനപക്ഷങ്ങളെ പാടെ അവഗണിച്ചിരിക്കുന്നു.
- ദേശീയ വിദ്യാഭ്യാസനയം മാർഗനിർദേശങ്ങൾ മാത്രമാണ്, അടിച്ചേൽപ്പിക്കാനുള്ളതല്ല.
- വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംഘടനാ സ്വാതന്ത്ര്യത്തിനും സാമൂഹ്യ കൂട്ടായ്മയ്ക്കും വിലക്ക്.
- ഓരോ സംസ്ഥാനത്തിനും സാഹചര്യമനുസരിച്ച് നയം രൂപീകരിക്കാനാകണം.
- വിദ്യാഭ്യാസ വിഷയത്തിൽ ഫെഡറൽ സംവിധാനം മാനിക്കുന്നില്ല.
- സർക്കാർ ഉത്തരവുകളാക്കി നിർബന്ധമാക്കാനാണു ശ്രമിക്കുന്നത്.
- റിപ്പോർട്ടിൽ നാലു തവണ മാത്രമാണ് ന്യൂനപക്ഷം എന്ന വാക്കുപയോഗിച്ചിരിക്കുന്നത്.
- വരേണ്യ ചിന്താഗതികൾക്കൊപ്പം സാങ്കേതികതയ്ക്ക് അമിത പ്രാധാന്യം നൽകിയിരിക്കുന്നു.
- വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളില്ല.
- എല്ലാവരെയും ഉൾക്കൊള്ളുന്ന ആധികാരിക നിലപാടില്ല.

**നിർദേശങ്ങൾ**

- ഇന്ത്യയുടെ വൈവിധ്യവും പങ്കാളിത്തവും ഉൾപ്പെടുത്തി ആധികാരികമാക്കണം.
- വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ ഉൾക്കൊളളിച്ചു പാഠപുസ്തക സമിതി രൂപീകരിക്കണം.
- വിദ്യാഭ്യാസമേഖലയിൽ ക്രൈസ്തവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളുടെ പങ്ക് വ്യക്തമാക്കി
- കരടു നയത്തിൽ ആമുഖം.
- ആഗോളതലത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം തടസ്സമില്ലാതെ എത്തുന്നതിന്, വിദേശ സംഭാവന നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ നിന്ന് വിദ്യാഭ്യാസ മേഖലയെ ഒഴിവാക്കണം.
- വിദ്യാർഥികളുടെ കൊഴിഞ്ഞു പോക്ക് തടയണം.
- വെല്ലുവിളികൾ പരിഹരിക്കാൻ വിദ്യാഭ്യാസമേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തം.
- കാര്യക്ഷമവും ഫലപ്രദവുമായി അധ്യാപക പരിശീലനം, നിയമനത്തിനു സ്വതന്ത്ര സംവിധാനം.

**(സി.ബി.സി.ഐ, ദീപിക, 20/8/2016)**

## പരിസ്ഥിതിലോല നിർണയം - സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം: ഐക്യജാഗ്രതാസമിതി

**കൊച്ചി:** പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതിലോലപ്രദേശങ്ങളുടെ നിർണയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാ സമിതി യോഗം ആവശ്യപ്പെട്ടു. കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം 2014 മാർച്ച് 10-നും 2015 സെപ്തംബർ 4-നും പ്രസിദ്ധീകരിച്ച കരടുവിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ 123 വില്ലേജുകൾ പരിസ്ഥിതിലോലമേഖലയായി കണക്കാക്കപ്പെടും. മുൻസർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ സമിതിയുടെ ശുപാർശയിൽ ഇഎസ്എയും ഇഎസ്എ ഇതരപ്രദേശങ്ങളും ഇടകലർന്നുകിടക്കുന്നതും, ജനവാസമേഖലകളുടെയും തോട്ടങ്ങളുടെയും കൃഷിസ്ഥലങ്ങളുടെയും ഇടയിലുള്ള പാറക്കൂട്ടവും അരുവിയും നദികളും സർക്കാർഭൂമിയും വനവും ഇഎസ്എ ആയി രേഖപ്പെടുത്തിയിരിക്കുന്നതും കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിർദേശത്തിനു വിരുദ്ധമായതിനാൽ കേരളത്തിന്റെ നിലപാട് ഏറെ പരുങ്ങലിലാണ്. ഇഎസ്എ നിർണയത്തിൽ വില്ലേജുകളാണ് അടിസ്ഥാനഘടകമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ ഇത്തരത്തിലൊരു നിർദേശം കേന്ദ്രസർക്കാരിനുമുമ്പിൽ സമർപ്പിച്ചിരിക്കുന്നതും, കേന്ദ്രസർക്കാരിന്റെ നയമനുസരിച്ച് വില്ലേജുകളുടെ പുനഃക്രമീകരണമോ മറ്റു പ്രായോഗിക നടപടികളോ മുൻസംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണം. ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുന്നതിൽ മുൻസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിച്ച്, കേരളത്തിന്റെ ഭൂപ്രകൃതിയും കാർഷികസമ്പദ്വ്യവസ്ഥയും കണക്കിലെടുത്തുകൊണ്ടുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. പരിസ്ഥിതിയെയും കർഷകരെയും സംരക്ഷിക്കുന്നതും, ഒപ്പം കേരളത്തിന്റെ വികസനവും പൊതുതാത്പര്യവും കണക്കിലെടുത്തുകൊണ്ടുള്ളതുമായ നടപടികളാണ് ആവശ്യം. മുഖ്യമന്ത്രിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് യോഗം അഭ്യർത്ഥിച്ചു. **(കെസിബിസി, ഐക്യജാഗ്രതാസമിതി, ദീപിക, 10/8/2016)**

# മദ്യം: ഉദാരവത്കരണനീക്കം ആപത്കരം: ഐക്യജാഗ്രതാസമിതി

**കൊച്ചി:** സംസ്ഥാനത്ത് ഓൺലൈൻ മദ്യവ്യാപാരം നടപ്പാക്കുന്നത് നിയമവിരുദ്ധവും അങ്ങേയറ്റം ആപത്കരവുമാണെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാസമിതിയുടെ യോഗം അഭിപ്രായപ്പെട്ടു. ഉത്പാദനവും വിതരണവും നിയമം മൂലം നിയന്ത്രിച്ചിട്ടുള്ള മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ നിയന്ത്രണത്തെ അപ്രസക്തമാക്കുന്നതാണ് പ്രസ്തുത നിർദേശം. സർക്കാർ സ്ഥാപനങ്ങൾതന്നെ ഇത്തരം ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്.

നിയന്ത്രിത ഉല്പന്നങ്ങളുടെ വ്യാപാരം ഓൺലൈൻവഴി നടപ്പാക്കാൻ സർക്കാർ തയ്യാറായാൽ അത് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കും. അതിരുകടന്ന ഇത്തരം ഉദാരവത്കരണ ആശയങ്ങൾ തത്ത്വത്തിൽതന്നെ അപകടകരമാണ്. ഒരുവശത്ത് ബോധവത്കരണവും മറുവശത്ത് കച്ചവടസാധ്യതയിലും ലാഭക്കൊതിയിലും മാത്രം കണ്ണുനട്ടുള്ള നടപടികളും ഒരു സർക്കാരിനും ഭൂഷണമല്ല.

മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത്, സ്ത്രീപീഡനം, തീവ്രവാദം ഇവയെല്ലാം പരസ്പരം കൈകോർത്തു നില്ക്കുന്ന സാമൂഹിക തിന്മകളാണ്. ഇവയിൽ ചിലതിനെ പരസ്യമായും ചിലതിനെ രഹസ്യമായും പ്രോത്സാഹിപ്പിക്കുന്ന നടപടികളുണ്ടാകാതിരിക്കാൻ ഭരണാധികാരികളും സമൂഹവും ഒരുപോലെ ജാഗ്രത പുലർത്തണമെന്നും യോഗം അഭ്യർത്ഥിച്ചു. **(കെസിബിസി, ഐക്യജാഗ്രതാസമിതി, ദീപിക, 19/8/2016)**

# മദ്യനയം അട്ടിമറിക്കാൻ ശ്രമം

**കൊച്ചി:** ടൂറിസത്തിന്റെ പേരിൽ നിലവിലുള്ള മദ്യനയം അട്ടിമറിക്കാൻ ശ്രമം നടക്കുകയാണെന്നു കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ. മദ്യവിരുദ്ധസമിതിയുടെ ഡയറക്ടടേഴ്സ് മീറ്റ് 2016 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തീരുമാനങ്ങൾ മദ്യ ഉപഭോഗം കുറയ്ക്കുന്നവയാകണം. ഇടതുസർക്കാർ അധികാരത്തിലേറിയതു മദ്യ ഉപഭോഗം കുറയ്ക്കുമെന്നു പറഞ്ഞാണ്. തീരുമാനം എടുക്കുമ്പോൾ അതു മദ്യപകർക്കും നിക്ഷിപ്ത താത്പര്യക്കാരായ അബ്കാരികൾക്കും വേണ്ടിയാകാതെ കേരളജനതയ്ക്കു ഗുണം ചെയ്യുമോ എന്നാണു പരിശോധിക്കേണ്ടത്. മദ്യനിരോധനത്തിന്റെ ഗുണഫലങ്ങളാണു ചർച്ചാ വിഷയമാക്കേണ്ടത്.

മദ്യവിപത്തിനെ ലഘൂകരിച്ചു കാണരുത്. മദ്യാസക്തി കേരളത്തെ കാർന്നുതിന്നുകയാണ്. ജനഹിതം മദ്യത്തിനെതിരാണ്. ജനഹിതത്തെ സർക്കാർ മാനിക്കണം. മദ്യനയം ജനക്ഷേമകരമാകണം. നിലവിലുള്ള മദ്യനയം അട്ടിമറിച്ചാൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്നും മാർ ഇഞ്ചനാനിയിൽ പറഞ്ഞു. പാലാരിവട്ടം പിഒസിയിൽ നടന്ന യോഗത്തിൽ മദ്യവിരുദ്ധ കമ്മിഷൻ സെക്രട്ടറി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷതവഹിച്ചു. **(കെസിബിസി, മദ്യവിരുദ്ധസമിതി, ദീപിക, 20/8/2016)**

# സർക്കാർ നടപടി: മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധി രൂക്ഷമാക്കും:

## ഐക്യജാഗ്രതാസമിതി

**കൊച്ചി:** സംസ്ഥാനത്തെ മുഴുവൻ സ്വാശ്രയ മെഡിക്കൽ സീറ്റുകളും പിടിച്ചെടുത്തുകൊണ്ടുള്ള സർക്കാർനടപടി മെഡിക്കൽ-ദന്തൽ വിദ്യാഭ്യാസരംഗത്ത് രൂപംകൊണ്ടിട്ടുള്ള പ്രതിസന്ധി രൂക്ഷമാക്കുമെന്ന് കെസിബിസി ജാഗ്രതാസമിതി വിലയിരുത്തി. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ അപ്രസക്തമാക്കിക്കൊണ്ടും, സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേൽ അന്യായമായ അവകാശവാദങ്ങളുന്നയിച്ചുകൊണ്ടും സർക്കാർ നടത്തിയിരിക്കുന്ന നീക്കം, ഇടതുസർക്കാരിനു കീഴിൽ വിദ്യാഭ്യാസപ്രവർത്തനം സുഗമമായിരിക്കുകയില്ല എന്ന പ്രതീതി സൃഷ്ടിച്ചിരിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുക എന്നത് സർക്കാരിന്റെ മാത്രമല്ല, സ്ഥാപനങ്ങളുടെ സൽപ്പേരിലും ഭാവിയിലും ശ്രദ്ധയുള്ള മാനേജുമെന്റുകളുടെയും താത്പര്യമാണ്. എല്ലാ സീറ്റുകളിലും അർഹരായവർക്കുമാത്രം പ്രവേശനം ലഭിക്കുന്നു എന്നുറപ്പുവരുത്താൻ സർക്കാരിനു കടമയുണ്ട്. ഇതിനുള്ള മാനദണ്ഡങ്ങൾ നിർദേശിക്കുന്നതിനും അവ പാലിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പകരം, വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കാനുള്ള മാനേജുമെന്റുകളുടെ അവകാശം കവർന്നെടുക്കുന്നത് തെറ്റായ നടപടിയാണ്. 50% സർക്കാർ സീറ്റുകളിൽ കേരള എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽ നിന്നും, എൻആർഐ ഉൾപ്പെടെ 50% മാനേജുമെന്റു സീറ്റുകളിലേക്ക് കേന്ദ്ര ഏജൻസിയുടെ നീറ്റ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നല്കുന്നതിനും, ഫീസ് സംബന്ധിച്ചു സർക്കാർ വച്ച നിർദേശങ്ങൾ പാലിച്ചുകൊണ്ടും പ്രവേശനം നടത്തുന്നതിനും മുൻവർഷങ്ങളിലേതുപോലെ സർക്കാരുമായി ധാരണയുണ്ടാക്കിയ ക്രിസ്ത്യൻ മാനേജുമെന്റുകളുടെ കീഴിലുള്ള കോളേജുകളിലേയും മുഴുവൻ സീറ്റുകളും പിടിച്ചെടുത്തതിനു പിന്നിൽ എന്തു ലക്ഷ്യമാണുള്ളതെന്ന് വ്യക്തമല്ല.

കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനിശ്ചിതത്വവും സംഘർഷാവസ്ഥയും സൃഷ്ടിച്ച് വിദ്യാർത്ഥികളെ അയൽസംസ്ഥാനങ്ങളിലെ കോളേജുകളിലേക്കെത്തിക്കുന്ന പതിവുരീതി പ്രത്യക്ഷപ്പെട്ടുതുടങ്ങിയെന്ന ചിന്തയെ ബലപ്പെടുത്തുന്ന നടപടികൾ ഉണ്ടാകാതിരിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ജാഗ്രത പുലർത്തണം. മുൻ ഇടതുപക്ഷ സർക്കാരുകളുടെ കാലത്തും സംസ്ഥാനസർക്കാരിനുമേൽ അന്യസംസ്ഥാന വിദ്യാഭ്യാസലോബി പിടിമുറുക്കുന്നു എന്ന ആരോപണം ശക്തമായിരുന്നു. പ്രതിസന്ധികൾ പരിഹരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനവും വിദ്യാർത്ഥികളുടെ സുരക്ഷിത ഭാവിയും ഉറപ്പുവരുത്താൻ സർക്കാർ സത്വരനടപടി സ്വീകരിക്കണമെന്ന് കെസിബിസി ജാഗ്രതാസമിതിയുടെ പിഒസിയിൽ ചേർന്ന പ്രത്യേക യോഗം സർക്കാരിനോടഭ്യർത്ഥിച്ചു. **(കെസിബിസി, ഐക്യജാഗ്രതാസമിതി, ദീപിക, 22/8/2016)**

# സംസ്ഥാന സർക്കാർ നിലപാട് ന്യൂനപക്ഷസമൂഹങ്ങളോടുള്ള യുദ്ധപ്രഖ്യാപനം

സംസ്ഥാനത്തെ സ്വാശ്രയമെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും ഏറ്റെടുത്ത സർക്കാർ നടപടി പ്രതിഷേധാർഹവും സ്വകാര്യ മാനേജുമെന്റുകളോടുള്ള യുദ്ധപ്രഖ്യാപനവുമാണെന്ന് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് കുറ്റപ്പെടുത്തി.

2006-ലെ വി.എസ്. അച്യുതാന്ദൻ സർക്കാരും അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. എം.എ.ബേബിയും സ്വാശ്രയമാനേജുമെന്റുകളോട് സ്വീകരിച്ച നയങ്ങളുടെ തനിയാവർത്തനമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അന്നത്തെ എൽ.ഡി.എഫ്. സർക്കാർ നിലപാട് നീണ്ടു നിന്ന ജനകീയസമരങ്ങൾക്കും നിയമയുദ്ധങ്ങൾക്കും കാരണമായതും സർക്കാർ നിലപാടുകൾ പാടേ തകർന്നടിഞ്ഞതും ആരും വിസ്മരിക്കരുത്. സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട് സ്വകാര്യ മാനേജുമെന്റുകളും സർക്കാരും തമ്മിലുള്ള ബന്ധത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും.

ന്യൂനപക്ഷസമൂഹങ്ങളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ മാനേജുമെന്റുകളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതിലൂടെ ഭരണഘടന ഉറപ്പു നൽകുന്ന ന്യൂനപക്ഷവിദ്യാഭ്യാസ അവകാശങ്ങൾക്ക് എതിരാണ് ഈ സർക്കാരെന്ന് ഒരിക്കൽകൂടി പ്രഖ്യാപിക്കുകയാണ്. രാജ്യത്തെ ന്യൂനപക്ഷസമൂഹങ്ങളുടെ സംരക്ഷകരാണ് തങ്ങൾ എന്ന് അവർ അവകാശപ്പെടുകയും അതേ സമയം ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ പോലും നിഷേധിക്കുന്നത്, ഇരകൾക്കൊപ്പം ഓടുകയും വേട്ടക്കാരോടൊപ്പം കൂടുകയും ചെയ്യുന്നതിന് തുല്യമാണ്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരും ക്രിസ്ത്യൻ മാനേജുമെന്റുകളും തമ്മിൽ മൂന്നു വർഷത്തെ കാലാവധിയുള്ള കരാർ നിലവിലുണ്ട്. ഈ കരാറിൽ നിന്നും സംസ്ഥാനസർക്കാർ ഏകപക്ഷീയമായി പിൻമാറുന്നതിന്റെ കാരണം സർക്കാർ വ്യക്തമാക്കണം. മുന്നണികൾ മാറി മാറി അധികാരത്തിൽ വരുമ്പോൾ സർക്കാരുകളുമായുള്ള കരാറുകൾ റദ്ദാക്കപ്പെടുന്നതിലൂടെ സംസ്ഥാനസർക്കാർ തങ്ങളുടെ വിശ്വാസ്യതപോലും ഇല്ലാതാക്കി. ഈ സാഹചര്യത്തിൽ സർക്കാരുമായി ചർച്ചകളിലും കരാറുകളിലും ഏർപ്പെടുന്നതുപോലും പുനരാലോചനയ്ക്കു വിധേയമാക്കേണ്ടിയിരിക്കുന്നു. ന്യൂനപക്ഷവിദ്യാഭ്യാസഅവകാശങ്ങളുടെ കാര്യത്തിൽ സർക്കാർ നിലപാട് ഇടതുപക്ഷ മുന്നണിയുടെ നയമാണോ എന്ന ഘടകകക്ഷികൾ വ്യക്തമാക്കണമെന്ന് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ആവശ്യപ്പെട്ടു. **(കെസിബിസി, വിദ്യാഭ്യാസകമ്മീഷൻ, ദീപിക, 22/8/2016)**

# മനുഷ്യനെ കൊല്ലുന്ന മദ്യനയം സ്വീകാര്യമല്ല

**കൊച്ചി:** മനുഷ്യനെ കൊല്ലുന്ന മദ്യനയം സ്വീകാര്യമല്ലെന്നും ഇടതുസർക്കാർ അത്തരം ഒരു നയം ആവിഷ്കരിക്കരുതെന്നും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് ചെയർമാൻ ബിഷപ് റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി. കെ.സി.ബി.സി.യും കേരള മദ്യവിരുദ്ധ ഏകോപനസമിതിയും ചേർന്ന് കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച ലഹരിക്കെതിരെ യുദ്ധപ്രഖ്യാപനവും ഫ്രാൻസിസ് പെരുമന അനുസ്മരണവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. സർക്കാർ നയങ്ങൾ മനുഷ്യന് സമാധാനം നൽകാൻ ഉപകരിക്കണം. മദ്യവിരുദ്ധ പോരാട്ടം നന്മയ്ക്കു വേണ്ടിയുള്ള പോരാട്ടമാണ്. അത് വിജയിക്കും. മദ്യം വിറ്റ പണം കൊണ്ടുള്ള വികസനം മനുഷ്യനെ കൊന്നും ദ്രോഹിച്ചുമുള്ള വികസനമാണ്. സർക്കാരിന് ഒരു ധർമ്മമുണ്ട്. അത് മനുഷ്യന്റെ ആരോഗ്യത്തെ കാത്തുസൂക്ഷിക്കുന്നതും ജീവനെ വിലമതിക്കുന്നതുമാകണം. മദ്യം വരുത്തിവയ്ക്കുന്ന തിന്മകളെ നേരിടാൻ മദ്യത്തിൽ നിന്നുള്ള വരുമാനത്തേക്കാൾ കൂടുതൽ തുക വേണ്ടിവരുന്നുണ്ട് മദ്യനിരോധനമാണ് സർക്കാരിനും ജനത്തിനും ലാഭകരമെന്നും ബിഷപ് തുടർന്നു പറഞ്ഞു.

ലഹരിവിരുദ്ധ കൺവെൻഷനിൽ കേരള മദ്യവിരുദ്ധ ഏകോപന സമിതി സംസ്ഥാന ചെയർമാൻ ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. കൊച്ചി മേയർ സൗമിനി ജയിൻ മുഖ്യാതിഥിയായിരുന്നു. ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ചാർളി പോൾ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന ജന.സെക്രട്ടറി ഫാ.ജേക്കബ് വെള്ളമരുതുങ്കൽ, ടി.എം.വർഗ്ഗീസ്, ഫാ.പോൾ കാരാച്ചിറ, പ്രസാദ് കുരുവിള, ജോൺസൺ പാട്ടത്തിൽ, ആന്റണി ജേക്കബ് ചാവറ, എം.ഡി.റാഫേൽ, ഫാ.സെബാസ്റ്റ്യൻ വട്ടപ്പറമ്പിൽ, ഫാ.ജോർജ് നേരേവീട്ടിൽ, ഫാ.പീറ്റർ ഇല്ലിമൂട്ടിൽ, ഫാ.പോൾ ചുള്ളി, ഹിൽട്ടൺ ചാൾസ്, തങ്കച്ചൻ വെളിയിൽ, ജെയിംസ് കോറമ്പേൽ, പ്രൊഫ.കെ.കെ.കൃഷ്ണൻ, ഫാ.ജോസഫ് ഒളിപ്പറമ്പിൽ, ഷാൻ കലൂർ, ജെയിംസ് മുട്ടിക്കൽ, തോമസുകുട്ടി മണക്കുന്നേൽ, ജെസ്സി ഷാജി, ചാണ്ടി ജോസ് എന്നിവർ പ്രസംഗിച്ചു. അടച്ചുപൂട്ടിയ മദ്യശാലകൾ തുറന്നാൽ ഗാന്ധിയൻ മാർഗ്ഗത്തിലൂടെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു.( **(കെസിബിസി, മദ്യവിരുദ്ധ സമിതി, ദീപിക, 8/8/2016)**

# വാർത്തകൾ

## ആശാകിരണം പദ്ധതി മാതൃകാപരം: മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** ഇന്ത്യയിലെ കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതി കാലഘട്ടത്തിന്റെ ആവശ്യവും മാതൃകാപരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാരിത്താസ് ഇന്ത്യ, വിവിധ കത്തോലിക്കാ രൂപതകളുടെ സോഷ്യൽ സർവീസ് സൊസൈറ്റികളുമായി ചേർന്ന് നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വോളണ്ടിയേഴ്സിന്റെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ... **(ദീപിക, 6/8/2016)**

## ഗോരക്ഷാ പ്രവർത്തനത്തിന്റെ മറവിൽ സാമൂഹ്യ വിരുദ്ധരുടെ അതിക്രമം: പ്രധാനമന്ത്രി നരേന്ദ്രമോദി

**ന്യൂഡൽഹി:** ഗോരക്ഷാ പ്രവർത്തനങ്ങളുടെ മറവിൽ ചില സാമൂഹ്യവിരുദ്ധർ അതിക്രമങ്ങൾ നടത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇത്തരക്കാർക്കെതിരെ സംസ്ഥാന സർക്കാരുകൾ കർശന നടപടി സ്വീകരിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. കേന്ദ്രസർക്കാർ വെബ് പോർട്ടലായ മൈ ഗവ് ന്റെ രണ്ടാം വാർഷികവും ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു നരേന്ദ്രമോദി. ഗോരക്ഷയുടെ പേരിൽ കച്ചവടം നടത്തുന്നവരെ കാണുമ്പോൾ വളരേയെറെ ദേഷ്യം വരുന്നു. രാത്രിയിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്ന ചിലർ രാവിലെ ഗോരക്ഷകരായി രംഗത്തെത്തുകയാണ്. ഗോസംരക്ഷണത്തിന്റെ പേരിൽ അവർ കടകൾ തുറന്നുവെയ്ക്കുന്നു. ഇത്തരം സംഭവങ്ങളെപ്പറ്റി സംസ്ഥാന സർക്കാരുകളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

സാമൂഹ്യവിരുദ്ധർ നിയമവിരുദ്ധ പ്രവർത്തനങ്ങൾ മറച്ചു പിടിക്കുന്നതിനായി ഗോസംരക്ഷണത്തിന്റെ മുഖംമൂടി അണിയുകയാണ്. ഇത്തരക്കാരെ അംഗീകരിക്കാനാവില്ല. യഥാർത്ഥത്തിൽ ഗോസംരക്ഷണം ആഗ്രഹിക്കുന്നവർ റോഡുകളിൽ നിന്നു പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും പശുക്കൾ കഴിക്കുന്നത് ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. പ്ലാസ്റ്റിക് തിന്നു മരിച്ച പശുവിന്റെ വയറ്റിൽ നിന്നും കിലോക്കണക്കിന് പ്ലാസ്റ്റിക് കണ്ട ഗുജറാത്തിലെ അനുഭവം മോദി സദസ്സിൽ വിവരിച്ചു. ഗോവധത്തേക്കാൾ അധികം പശുക്കൾ പ്ലാസ്റ്റിക് തിന്നാണ് മരിക്കുന്നത്. ഗോസംരക്ഷകരെന്ന് പറഞ്ഞു നടക്കുന്നവർ ആളുകൾ പ്ലാസ്റ്റിക്കുകൾ റോഡുകളിലേക്ക് വലിച്ചെറിയുന്നത് തടയാനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയാണ് വേണ്ടത്. ഏറ്റവും വലിയ ഗോസംരക്ഷണമായി പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ മാറണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ... **(ജന്മഭൂമി, 7/8/2016)**

## ദളിതരെയല്ല, എന്നെ ആക്രമിക്കൂ: പ്രധാനമന്ത്രി നരേന്ദ്രമോദി

**ന്യൂഡൽഹി:** ദളിതർക്കെതിരായ ആക്രമണങ്ങൾക്കെതിരെ പ്രധാനമന്ത്രി നരേന്ദ്രമോദി. നിങ്ങൾക്കാക്രമിക്കണമെങ്കിൽ എന്നെ ആക്രമിക്കൂ, വെടിവയ്ക്കണമെങ്കിൽ എനിക്കു നേരെ നിറയൊഴിക്കൂ, എന്റെ സഹോദരന്മാരെ വെറുതെ വിടണം, ഹൈദരാബാദിൽ നടന്ന പൊതു സമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഗോസംരക്ഷകരെന്ന വ്യാജേന അക്രമങ്ങൾ നടത്തുന്നവർ രാജ്യത്തെ വിഭജിക്കാനാണ് പരിശ്രമിക്കുന്നതെന്ന് തെലങ്കാനയിലെ മേഡക് ജില്ലയിൽ നടന്ന പരിപാടിയിൽ പ്രസംഗിക്കവെ മോദി മുന്നറിയിപ്പ് നൽകി. ... **(ജന്മഭൂമി, 8/8/2016)**

## മാനസികാരോഗ്യ ശുശ്രൂഷാ ബില്ലിന് രാജ്യസഭയുടെ അംഗീകാരം

**ന്യൂഡൽഹി:** മനോദൗർബല്യമുള്ളവരെ സമൂഹത്തിൽ ഇടപഴകിച്ചു സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും ഊന്നൽ നൽകുന്നതും അവരെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ തന്നെ മാറ്റത്തിനു വഴിയൊരുക്കാവുന്നവയുമാണ്. രാജ്യസഭ പാസാക്കിയ യമാനസികാരോഗ്യ ശുശ്രൂഷാബില്ലിലെ വ്യവസ്ഥകൾ ബിൽ ഇനി ലോക്സഭ പരിഗണിച്ചു പാസാക്കണം.

നിലവിലുള്ള മാനസികാരോഗ്യ നിയമം (1987) മനോദൗർബല്യമുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും മതിയായ ചികിത്സ ഉറപ്പാക്കാനും പര്യാപ്തമല്ലെന്ന വിലയിരുത്തലിലാണു സമഗ്രമായ പുതിയ നിയമമുണ്ടാക്കാൻ രണ്ടാം യുപിഎ സർക്കാർ തീരുമാനിച്ചത്. 2013 ഓഗസ്റ്റ് 19ന് അവതരിപ്പിച്ച ബില്ലാണ് പാസാക്കിയത്. ഇവരുടെ അവകാശങ്ങളെക്കുറിച്ചുള്ള യു.എൻ ധാരണകൂടി പരിഗണിച്ചുള്ളവയാണു വ്യവസ്ഥകൾ. മദ്യപാനവും ലഹരിമരുന്ന് ഉപയോഗവും മൂലമുണ്ടാകുന്ന മാനസികപ്രശ്നങ്ങൾ രോഗമായി കണക്കാക്കും. ശാരീരിക രോഗങ്ങൾക്കുള്ളതുപോലെ ഇൻഷുറൻസ് പരിരക്ഷ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിൽസയ്ക്കും ലഭ്യമാക്കും. ഇവരെ ചങ്ങലയ്ക്കിടുന്നതിനും ഇവരുടെ തല മൊട്ടയടിക്കുന്നതിനും നിരോധനമുണ്ട്. ...**(മലയാള മനോരമ, 9/8/2016)**

## തീരദേശനിയന്ത്രണ വിജ്ഞാപനം: കേരളം പ്രത്യേക ഇളവ് ആവശ്യപ്പെടണം

**തീ**രദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ കേന്ദ്രസർക്കാർ നിയമിച്ച ഡോ. ശൈലേഷ് നായിക് കമ്മിറ്റി കേരളത്തിന്റെ പ്രധാന ആവശ്യങ്ങൾ തള്ളിക്കളഞ്ഞു. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ 100 ചതുരശ്രമീറ്റർ വിസ്തീർണമുള്ള വീടുകളെ നിയന്ത്രണപരിധിയിൽനിന്ന് ഒഴിവാക്കണമെന്നായിരുന്നു പ്രധാന ആവശ്യം. എന്നാൽ, കമ്മിറ്റിയുടെ ശിപാർശകളിൽ ഇതേക്കുറിച്ച് പരാമർശമില്ല. പുതിയ വീട് നിർമിക്കാനും പുതുക്കിപ്പണിയാനും ആയിരക്കണക്കിന് അപേക്ഷകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീരുമാനമാകാതെ കിടക്കുന്നത്. പണിപൂർത്തിയായ ആയിരക്കണക്കിനു വീടുകൾ തീരപരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾമൂലം ക്രമപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതതു സംസ്ഥാനങ്ങളിലെ നിയമമനുസരിച്ച് ഈ കെട്ടിടങ്ങൾ നിയമവിധേയമാക്കാമെന്നു പുതിയ ശിപാർശയിലുണ്ടെങ്കിലും അത് എങ്ങനെ വേണമെന്നു വ്യക്തത വരുത്തിയിട്ടില്ല. കേരളത്തിലെ തീരപഞ്ചായത്തുകൾ 2000 ചതുരശ്രയടി വരെയുള്ള ഭവനനിർമാണങ്ങളെ പൂർണമായും സിആർഇസഡ് വിജ്ഞാപനത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാണമെന്നാവശ്യപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു പ്രമേയങ്ങൾ അയച്ചിരുന്നു. സിആർഇസഡ്-3 ബാധകമായ ഗ്രാമീണമേഖലയിൽ കായൽത്തീരത്തോടു ചേർന്ന പ്രദേശത്തു വേലിയേറ്റ ലൈനിൽനിന്ന് 50 മീറ്റർ മാറിയും ദ്വീപുകളിൽ 10 മീറ്റർ മാറിയും നിർമാണങ്ങൾ അനുവദിക്കാമെന്ന വ്യവസ്ഥ പുതിയ ശിപാർശയിലുണ്ട്. എന്നാൽ, കേരളത്തിലെ 90 ശതമാനം പഞ്ചായത്തുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കില്ല. ... **(ദീപിക, 9/8/2016)**

## ദളിത്ക്രൈസ്തരവരോടുള്ള കേന്ദ്രവിവേചനം അവസാനിപ്പിക്കണം: കോടിയേരി ബാലകൃഷ്ണൻ

**തിരുവനന്തപുരം:** വിവേചനപരമായ നിലപാടാണ് ദളിത് ക്രൈസ്തവരോട് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കെസിബിസി ദളിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന സമിതി നേതൃത്വത്തിൽ രാജ്ഭവന് മുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു കോടിയേരി. അവകാശങ്ങൾ നിഷേധിക്കുന്ന സമീപനം തിരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണം. എസ്‌സി ലിസ്റ്റിൽ ദളിത് ക്രൈസ്തവരെ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ദളിത്ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സിപിഐഎം ആവശ്യപ്പെട്ടു. കേന്ദ്രഭരണത്തിൽ ഇടപെടാൻ അവസരം ലഭിച്ചാൽ ഇക്കാര്യത്തിൽ സിപിഐഎം ഇടപെടും. ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾക്കായി സിപിഐഎം നിലകൊള്ളും. ദളിത് ക്രൈസ്തവർക്കായി ചെയ്യാൻ കഴിയുന്ന എല്ലാകാര്യവും സംസ്ഥാനത്ത് എൽഡിഎഫ് സർക്കാർ ചെയ്യും. പട്ടികജാതി വിദ്യാർഥികൾക്ക് ലഭ്യമാക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും മുഴുവൻ ദളിത് ക്രൈസ്തവ വിദ്യാർഥികൾക്കും ലഭ്യമാക്കും. ... **(ദേശാഭിമാനി, 11/8/2016)**

## കേരളത്തെ കണ്ടു പഠിക്കണം: ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു

**ന്യൂഡൽഹി:** ഇന്ത്യയുടെ യഥാർത്ഥ പ്രതിനിധികൾ മലയാളികളാണെന്ന ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു എന്തിനേയും സ്വീകരിക്കാനുള്ള മനസാണു കേരളത്തിലെ ജനങ്ങൾക്കുള്ളത്, ബാഹ്യമായതിനെപ്പോലും അവർ മടികൂടാതെ സ്വീകരിക്കുന്നു. ദ്രാവിഡർ, ആര്യന്മാർ, റോമൻ, അറബികൾ, ബ്രിട്ടീഷുകാർ, ഹിന്ദുക്കൾ, ക്രൈസ്തവർ, മാർക്സിസ്റ്റുകൾ അങ്ങനെ ആരെയും അവർ സ്വീകരിക്കും. എല്ലാ അർഥത്തിലും മലയാളികളാണ് യഥാർഥ ഇന്ത്യക്കാരെന്നും യഥാർഥ ഇന്ത്യക്കാരെക്കുറിച്ചുള്ള തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ അദ്ദേഹം വിശദീകരിക്കുന്നു. താൻ ഒരു കാശ്മീരിയായതു കൊണ്ടു കാശ്മീരികളെ യഥാർഥ ഇന്ത്യക്കാരെന്നു വിളിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ പൂർവികർ മധ്യപ്രദേശിൽനിന്നു കുടിയേറിയവരായതുകൊണ്ട് അവരെയും യഥാർഥ ഇന്ത്യക്കാരെന്നു പറയും. യുപിയുമായും ഒഡീഷയുമായും ബംഗാളുമായും ബന്ധമുള്ളതു കൊണ്ട് അവരെയെല്ലാം യഥാർഥ ഇന്ത്യക്കാർ എന്നു വിളിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ, വിശാലമായ അർഥത്തിൽ പറഞ്ഞാൽ യഥാർഥ ഇന്ത്യക്കാർ മലയാളികൾ മാത്രമാണെന്നും കട്ജു ഉറപ്പിച്ചു പറയുന്നു. ..... **(ദീപിക, 12/8/2016)**

## ജുഡീഷ്യറിയെ നിശ്ചലമാക്കാൻ സർക്കാർ ശ്രമിക്കുന്നുവോ?

**ന്യൂഡൽഹി:** കൊളീജിയത്തിന്റെ ശിപാർശപ്രകാരം ഹൈക്കോടതികളിൽ ജഡ്ജിമാരെ നിയമിക്കാത്ത കേന്ദ്രസർക്കാരിന് സുപ്രീംകോടതിയുടെ നിശിതവിമർശം. ജഡ്ജിമാരുടെ ഒഴിവുകൾകൂടി വരുമ്പോഴും കേന്ദ്രം നടപടി സ്വീകരിക്കുന്നില്ല. ഇതുവഴി ജുഡീഷ്യറിയെ നിശ്ചലമാക്കാൻ സർക്കാർ ശ്രമിക്കുന്നതായി തോന്നുന്നു. ഇത്തരം സമീപനങ്ങൾ വെച്ചുപൊറുപ്പിക്കില്ലെന്നും ചീഫ് ജസ്റ്റിസ് ടി.എസ്. ഠാക്കൂർ വ്യക്തമാക്കി.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനവും സ്ഥലമാറ്റവും സംബന്ധിച്ച സുപ്രീംകോടതി കൊളിജിയത്തിന്റെ ശിപാർശകൾ നടപ്പാക്കാത്തതിനാലാണ് കേന്ദ്രത്തിന് വിമർശനമേൽക്കേണ്ടി വന്നത്. ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്രത്തിന്റെ നിർദേശം തേടാൻ അറ്റോർണി ജനറൽ മുകുൾറോയിയോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. രാജ്യത്തെ 24 ഹൈക്കോടതികളിലായി ജഡ്ജിമാരുടെ 478 ഒഴിവുകളുണ്ടെന്ന് സർക്കാർ രാജ്യസഭയെ അറിയിച്ച ദിവസമാണ് സുപ്രീംകോടതി ആഞ്ഞടിച്ചത്. ഹൈക്കോടതികളിൽ 39 ലക്ഷത്തോളം പരാതികളാണ് കെട്ടിക്കിടക്കുന്നത്. ... **(മാതൃഭൂമി, 13/8/2016)**

## നിർബന്ധിത മതപരിവർത്തനത്തെ ഇസ്ലാം അനുകൂലിക്കുന്നില്ല:

### കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** നിർബന്ധിത മതപരിവർത്തനത്തെ ഇസ്ലാം മതം അനുകൂലിക്കുന്നില്ലെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. കേരളത്തിൽനിന്ന് ഭീകരസംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിലേക്ക് മതപരിവർത്തനം നടത്തി ആളുകളെ റിക്രൂട്ട് ചെയ്തെന്ന സംശയമുയർന്ന സാഹചര്യത്തിലാണ് മാർ ആലഞ്ചേരിയുടെ പ്രതികരണം. നിർബന്ധിത മതപരിവർത്തം നടത്തുന്നത് ഇസ്ലാമിൽ വിശ്വസിക്കുന്നെന്ന് പറയുന്ന ഒരു വിഭാഗത്തിന്റെ പ്രവർത്തനമാണ്. ഇതിനെ നീതിക്കും സത്യത്തിനും നിരക്കുന്ന തരത്തിൽ സർക്കാരിനും സമൂഹത്തിനും പ്രതിരോധിക്കാൻ കഴിയണം അദ്ദേഹം വ്യക്തമാക്കി. നിർബന്ധിതമായി ആളുകളെ മതപരിവർത്തനം ചെയ്യിക്കുന്നത് അംഗീകരിക്കാനാവില്ല. കൊച്ചി ജില്ലാ ജയിലിൽ അന്തേവാസികളുമായി ഒരു ദിവസം ചെലവഴിക്കാൻ എത്തിയപ്പോൾ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. .... **(മംഗളം, 15/8/2016)**

## ദളിതുകൾക്കെതിരായ ആക്രമണങ്ങൾ ശക്തമായി നേരിടണം: രാഷ്ട്രപതി പ്രണബ് മുഖർജി

**ന്യൂഡൽഹി:** പശുവിന്റെ പേരിൽ ദളിതുകൾ ഉൾപ്പെടെയുള്ളവർക്കുനേരെ രാജ്യത്തുടനീളം ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അക്രമികൾക്കെതിരേ കർശന നടപടിയെടുക്കാൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ ആഹ്വാനം. ഇന്ത്യയുടെ എഴുപതാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് രാഷ്ട്രത്തെ അഭിസംബോധന ചെയ്തു സംസാരിക്കവെയാണ് ദളിതുകൾക്കെതിരായ അക്രമണങ്ങളെക്കുറിച്ച് രാഷ്ട്രപതി പരാമർശിച്ചത്. ദുർബല സമൂഹത്തിനെതിരേ ഒരുവിഭാഗം നടത്തുന്ന അതിക്രമങ്ങൾ രാജ്യത്തിന്റെ ധാർമിക ചിന്തകൾക്കെതിരായ യുദ്ധപ്രഖ്യാപനമാണെന്നും കഴിഞ്ഞ കുറച്ചുകാലമായി അസഹിഷ്ണുത അതിന്റെ വൃത്തികെട്ട തലയുയർത്തി നിൽക്കുകയാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. നമ്മുടെ ദേശീയ ധർമചിന്തയ്ക്കെതിരേ യുദ്ധപ്രഖ്യാപനം നടത്തുന്നവിധത്തിൽ ദുർബല വിഭാഗങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾ ശക്തമായി നേരിടേണ്ടതുണ്ട്. .... **(സുപ്രഭാതം, 15/8/2016)**

## വിവരാവകാശം അട്ടിമറിക്കരുത്

**കൊച്ചി:** സംസ്ഥാനത്തെ വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന് മുഖ്യവിവരാവകാശ കമ്മീഷണർ വിൽസൺ എം. പോളിന്റെ തുറന്നുപറച്ചിൽ സർക്കാർ ഗൗരവമായി കാണേണ്ടതുണ്ട്. പൊതുജനങ്ങളും വിവരാവകാശ പ്രവർത്തകരും ഇക്കാര്യത്തിൽ ഉത്കണ്ഠപ്പെടണം. ഉദ്യോഗസ്ഥ സംവിധാനം വിവരാവകാശനിയമത്തെയും നിയമപ്രകാരമുള്ള വിവരം നൽകലിനെയും അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്നാണ് തിരുവന്തപുരത്തുനടന്ന ഒരു ശില്പശാലയിൽ മുഖ്യവിവരാവകാശ കമ്മീഷണർ ഭംഗ്യന്തരേണ സൂചിപ്പിച്ചത്. വിവരാവകാശത്തിൽ സംഭവിക്കുന്ന ഈ മെല്ലെപ്പോക്കിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സർക്കാർ മൗനംപാലിച്ചിട്ട് കാര്യമില്ല. 13.000–ൽ അധികം അപേക്ഷകൾ വിവരാവകാശ കമ്മിഷണറേറ്റിൽ തീർപ്പുകല്പിക്കപ്പെടാനായി കെട്ടിക്കിടക്കുന്നു എന്ന് മുഖ്യവിവരാവകാശ കമ്മിഷണർ തുറന്നുപറയുന്നു. ഇവിടെ ആകെയുള്ളത് മുഖ്യവിവരാവകാശ കമ്മിഷണർ മാത്രം. കമ്മീഷണർമാരുടെ അഞ്ച് തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നു. പുതിയ നിയമനങ്ങൾക്കായി ഒരു നീക്കവും നടക്കുന്നില്ല. കമ്മിഷണറേറ്റിന് പ്രവർത്തിക്കാൻ ആവശ്യത്തിന് ജീവനക്കാരോ, അടിസ്ഥാന സൗകര്യമോ ഇല്ല. വിവരാവകാശത്തെ അട്ടിമറിക്കാൻ അരയുംതലയും മുറിക്കിനിൽക്കുന്ന ഉദ്യോഗസ്ഥ സംവിധാനവും അപ്പീലുകളെ നോക്കി കൊഞ്ഞനംകുത്തുന്ന ഒഴിഞ്ഞകസേരകളും. അതാണ് അവകാശങ്ങൾ വിലനൽകുന്ന ദേശമെന്ന് ഖ്യാതി കേട്ട കേരളത്തിൽ വിവരാവകാശത്തിന്റെ തലയിലെഴുത്ത്. .....

ജനങ്ങളുടെ അവകാശങ്ങളെ മാനിക്കാതെ അവരെ ഇരുട്ടിൽ നിർത്തുന്ന ഉദ്യോഗസ്ഥ, ഭരണ സംവിധാനങ്ങളെ തിരുത്താനാണ് ഈ അവകാശങ്ങൾക്ക് നിയമപരിരക്ഷ നൽകിയത്. വിവരാവകാശ നിയമം ഇത്തരത്തിൽ സ്വതന്ത്ര ഇന്ത്യ സാക്ഷിയായ ഏറ്റവും വലിയ ഭരണപരിഷ്കാരങ്ങളിലൊന്നാണ്. അതിനെ പോഷിപ്പിക്കേണ്ടത് ഉത്തരവാദിത്വമുള്ള ഏത് സർക്കാറിന്റെയും ബാധ്യതയാണ്. ഈ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സൗകര്യമൊരുക്കേണ്ടതും ഉദ്യോഗസ്ഥരെ ജാഗരൂകരാക്കുകയും ചെയ്യേണ്ടത് സർക്കാറാണ്. കേരളത്തിലെ വിവരാവകാശ കമ്മിഷൻ രാജ്യത്തിനുതന്നെ മാതൃകയാവുന്നവിധം പുനഃരജ്ജീവിപ്പിക്കാൻ ഇനിയും വൈകിക്കൂടാ. **(മാതൃഭൂമി, 17/8/2016)**

## ഭീകരതയുടെ താവളത്തിലേക്ക് കുട്ടികൾ എത്തുന്നില്ലെന്ന് ഉറപ്പാക്കണം:

### മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** വർഗീയതയുടെയും ഭീകരതയുടെയും താവളങ്ങളിലേക്ക് നമ്മുടെ കുട്ടികൾ എത്തുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ 70–ാം സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ ദേശീയപതാക ഉയർത്തി സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വർഗീയതമുതൽ ഭീകരപ്രവർത്തനംവരെയുള്ള ദുഷ്ടതകളോട് എതിരിട്ട് സ്വാതന്ത്ര്യത്തെ പരിരക്ഷിക്കണം. ഇന്ത്യൻ ജീവിതയാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട അവസരംകൂടിയാണ് ഈ സ്വാതന്ത്ര്യദിനം. ഏഴുപതിറ്റാണ്ടിനിടെ രാജ്യത്തിന് അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങളുണ്ടായെങ്കിലും പരാധീനതകളും നിലനിൽക്കുന്നു. ... **(ദേശാഭിമാനി, 17/8/2016)**

## ഓൺലൈൻ മദ്യവ്യാപാരം ഗുരുതര പ്രത്യാഘാതം സൃഷ്ടിക്കും:

### ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്

**മാവേലിക്കര:** ഓൺലൈൻ മദ്യവ്യാപാരം നടത്താനുള്ള കൺസ്യൂമർ ഫെഡ് തീരുമാനം ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നു മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. കുടുംബങ്ങളിലെ സമാധാന അന്തരീക്ഷത്തിന് ഇതു വെല്ലുവിളിയാകും. കേരളത്തിൽ വിദേശികൾ എത്തുന്നത് വിനോദസഞ്ചാരത്തിനും പ്രകൃതിസൗന്ദര്യം ആസ്വദിക്കാനുമാണ്. അവരെല്ലാം മദ്യം കഴിക്കാൻ എത്തുന്നു എന്ന ധാരണ തെറ്റാണ്. ടൂറിസം വികസനം ലക്ഷ്യമിടേണ്ടത് മദ്യവ്യാപാരത്തിലൂടെയല്ലെന്നും അദ്ദേഹം പറഞ്ഞു. അടച്ചുപൂട്ടിയ ബാറുകൾ വീണ്ടും തുറക്കാൻ ശ്രമിച്ചാൽ അതു ജനവഞ്ചനയാകും. സംസ്ഥാനത്ത് ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കണം. മദ്യവില്പന കൂട്ടി മദ്യവർജനം എന്നു പറയുന്നതിൽ അർഥമില്ല. മദ്യലഭ്യത കുറയ്ക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടതെന്നും അദ്ദഹം പറഞ്ഞു. **(ദീപിക, 20/8/2016)**

## ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം –മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** മനുഷ്യർക്ക് ഭയരഹിതമായി ജീവിക്കാൻ ഭരണഘടന ഉറപ്പുനല്കുന്ന അവകാശം സംരക്ഷിക്കപ്പെടണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ജസ്റ്റിസ് പി. മോഹൻദാസ് പറഞ്ഞു. തെരുവുനായ്ക്കളെ കൊല്ലേണ്ടതുണ്ടെങ്കിൽ കൊല്ലണം. മൃഗസ്നേഹത്തെക്കാൾ വലുതാണ് മനുഷ്യരോടുള്ള സ്നേഹം.

മനുഷ്യനാണ് മൃഗത്തെക്കാൾ പ്രാമുഖ്യം. തെരുവുനായവിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി ജനസേവ ശിശുഭവന്റെയും എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെയും ആഭിമുഖ്യത്തിൽ ഡോഗ്സ് ഓൺ കൺട്രി എന്ന പേരിൽ നിർമിച്ച ഡോക്യുമെന്ററി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം സെന്റ് തെരേസാസ കോളേജ് ഡയറക്ടർ ഡോ. സിസ്റ്റർ വിനീത അധ്യക്ഷത വഹിച്ചു. **(മാധ്യമം 21/8/2016)**

## രക്തസാക്ഷികളുടെ വിശ്വാസസാക്ഷ്യം പ്രചോദനമാകണം: ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം

**തിരുവനന്തപുരം:** വിശ്വാസത്തിനു വേണ്ടി ജീവൻ ബലികഴിച്ച രക്തസാക്ഷികളുടെ വിശ്വാസസാക്ഷ്യം നമുക്കു പ്രചോദനമാകണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം. ഫ്രാൻസിൽ വിശുദ്ധ കുർബാന മധ്യേ ഐഎസ് ഭീകരർ വധിച്ച ഫാ. ഷാക്ക് ഹാമലിനെ അനുസ്മരിച്ചും നാലുമാസം മുൻപ് ഐഎസ് ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ.ടോം ഉഴുന്നാലിലിന്റെ മോചനത്തിനായും അനന്തപുരി ബൈബിൾ കൺവൻഷന്റെ

നേതൃത്വത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിൽ സംഘടിപ്പിച്ച പ്രാർഥനാ സംഗമത്തിൽ അനുഗ്രഹസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഭീകരപ്രവർത്തനങ്ങൾ മൂലം സമൂഹത്തിൽ ഭയാനക അന്തരീക്ഷം വർധിച്ചുവരികയാണ്. വിശ്വാസത്തിനുവേണ്ടി ആയിരക്കണക്കിനാളുകളാണ് ഇന്നു മരിക്കുന്നത്. ഇതിന് എപ്പോഴെങ്കിലും എവിടെയെങ്കിലും ഒരു പരിഹാരം ഉണ്ടാകുമോ എന്നറിയില്ല. സമൂഹത്തിൽ നല്ലത് നടക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് അധികവും. എന്നാൽ വഴിതെറ്റിയ കുറച്ചുപേർ സമാധാന അന്തരീക്ഷം തകർക്കുന്നു. വലിയ ശക്തികൾക്കും രാഷ്ട്രങ്ങൾക്കു പോലും ഇതിനു തടയിടുന്നതിന് സാധിക്കുന്നില്ല. ഭവനങ്ങളിൽ നിന്നും ഇറങ്ങിയാൽ തിരികെയെത്തുമോ എന്നുപോലും അറിയാത്ത അവസ്ഥ. മാനസിക വൈകല്യമുള്ളവർക്ക് ഏതു സംവിധാനത്തെയും തകർക്കാമെന്ന അവസ്ഥയാണ്. മാനുഷികമായി ചിന്തിച്ചാൽ ഈ ഭീകരതയ്ക്ക് ഒരു അവസാനമുണ്ടോ എന്നു തോന്നാം. എന്നാൽ, ദൈവത്തിനു ദൈവത്തിന്റേതായ പദ്ധതിയുണ്ട്. അതു നിറവേറുക തന്നെ ചെയ്യും. ദൈവത്തിന് ഒന്നും അസാധ്യമല്ലെന്നു വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പാരമ്പര്യമായി വിശ്വാസമുണ്ടെന്നു പറയുന്നവരാണ് നാം.

പ്രാർഥനയും പരിത്യാഗവുമില്ലാതെ ഒരു ശക്തിയെയും നേരിടുന്നതിനു സാധിക്കില്ല. പ്രാർഥനയിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്ക് ഒരു ശക്തിയെയും ഭയക്കാനില്ല. വിശ്വാസത്തിനു വേണ്ടി മരിച്ച രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

വിശ്വാസത്തിന്റെ ഉണർവ് നാം പ്രകടമാക്കണമെന്നു സന്ദേശം നൽകിയ ചങ്ങനാശേരി അതിരൂപത വികാരി ജനറാളും ലൂർദ് ഫൊറോന പള്ളി വികാരിയുമായ മോൺ.ഡോ. മാണി പുതിയിടം പറഞ്ഞു. പീഡനങ്ങൾ വിശ്വാസത്തിന് പുതിയ കാര്യമല്ല. നമ്മുടെ മേലുള്ള ദൈവകൃപ വിശ്വാസത്തിൽ മുന്നോട്ടു പോകുന്നതിനു നമ്മെ സഹായിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം ഭീകരതയ്ക്കും വർഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും എതിരെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിശ്വാസികൾ കത്തിച്ച മെഴുകുതിരികളുമായി പ്രതിജ്ഞ ഏറ്റുചൊല്ലി.

മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാൻ ഡോ.സാമുവൽ മാർ ഐറേനിയോസ്, ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ.ആർ. ക്രിസ്തുദാസ് എന്നിവർ പ്രാർഥനകൾക്കു നേതൃത്വം നൽകി. ലത്തീൻ അതിരൂപത വികാരി ജനറാൾ മോൺ. യൂജിൻ എച്ച്. പെരേര ആമുഖ സന്ദേശം നൽകി. പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ നടന്ന പ്രാരംഭപ്രാർഥനയോടെയാണ് പ്രാർഥനാസംഗമം ആരംഭിച്ചത്. തുടർന്നു നടന്ന മെഴുകുതിരി പ്രദക്ഷിണം സാഫല്യം കോംപ്ലക്സിനു മുന്നിലൂടെ വിജെടി ഹാൾ ചുറ്റി പാളയം രക്തസാക്ഷി മണ്ഡപത്തിൽ എത്തിച്ചേർന്നു. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ വികാരി റവ.ഡോ. ജോർജ് ഗോമസ്, ലൂർദ് പ്രൊ –വികാരി ഫാ. ജോർജ് മാന്തുരുത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി. **(ദീപിക, 22/8/2016)**

## തെരുവുനായ നിയന്ത്രണം പാളുന്നു: 4 വർഷത്തിനിടെ 3.35 ലക്ഷം പേർക്ക് കടിയേറ്റു

**തിരുവനന്തപുരം:** സംസ്ഥാനത്ത് തെരുവുനായ അക്രമം ദിനം പ്രതി വർധിച്ചുവരുമ്പോഴും അവയെ നിയന്ത്രിക്കാനുള്ള പദ്ധതികളെല്ലാം പാളുന്നു. വന്ധ്യംകരണ ശസ്ത്രക്രിയയും തെരുവുനായ്ക്കൾക്കുള്ള ഷെൽട്ടറുകളുമെല്ലാം തുടങ്ങിയിടത്തു തന്നെ നിൽക്കുമ്പോൾ ദിനംപ്രതി പട്ടിയുടെ കടിയേൽക്കുന്നത്. നൂറു കണക്കിനു പേർക്കാണ്. അതിദാരുണമായി ചിലമരണങ്ങളും ഇതിനിടെ നടക്കുന്നു. എന്നാൽ ഫലപ്രദമായ ഒരു പരിഹാരമാർഗവും ഭരണകൂടങ്ങൾക്കു ചെയ്യാനാവുന്നില്ല. കഴിഞ്ഞ നാലുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മൂന്നര ലക്ഷത്തോളം പേർക്കാണു പട്ടിയുടെ കടിയേറ്റത്. 3,35,091 പേർക്ക് 2013 മുതൽ നായയുടെ കടിയേറ്റിട്ടുണ്ടെന്നാണു സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ഇതു സർക്കാർ ആശുപത്രികളിൽ മാത്രം ചികിത്സ തേടിയവരുടെ കണക്കുകളാണ്. സ്വകാര്യ ആശുപത്രികളിലെ കണക്കുകൾ കൂടി ലഭ്യമായാൽ ഇതിലും എത്രയോ ഇരട്ടിപേർ നായ്ക്കളുടെ ആക്രമണത്തിന് ഇരയാവുന്നുവെന്ന കാര്യം വ്യക്തമാവും. തെരുവുനായ്ക്കളുടെ കടിയേറ്റ് പ്രതിവർഷം മരിക്കുന്നത് പത്തോളം പേരാണ് എന്നതും ശ്രദ്ധേയമാണ്. .... **(തേജസ്, 22/8/2016)**

## സേവനത്തിന്റെ സംസ്കാരം ലോകം മുഴുവൻ നൽകിയതു ക്രൈസ്തവ സമൂഹം: സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ

**തിരുവനന്തപുരം:** സേവനത്തിന്റെ സംസ്കാരം ലോകം മുഴുവൻ നൽകിയത് ക്രൈസ്തവ സമൂഹം എന്നു സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. എ.ഡി 52 മുതൽ മലങ്കരയിൽ ആരംഭിച്ച ഈ ശുശ്രൂഷ 20 നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും അതേ പാരമ്പര്യം നിലനിർത്തി മലങ്കര കത്തോലിക്കാ സഭ തുടരുന്നു. അതിന് ആഗോളതലത്തിൽ ലഭിച്ച അംഗീകാരമാണ് മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിയുടേതെന്ന് സ്പീക്കർ പറഞ്ഞു.

മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിക്ക് ഐക്യരാഷ്ട്ര സംഘടനയുടെ സാമൂഹിക സാമ്പത്തിക കൗൺസിൽ നൽകിയ പ്രത്യേക ഉപദേശക പദവിയോടനുബന്ധിച്ച് പട്ടം മേജർ ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന പ്രത്യേക ചടങ്ങിൽ മുഖ്യാതിഥിയായി പ്രസംഗിക്കുകയായിരുന്നു സ്പീക്കർ. .. **(ദീപിക, 24/8/2016)**

## എല്ലാ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെയും നിയമനം പി.എസ്.സി. വഴിയാക്കണം: ഡോ. കെ. എസ്. രാധാകൃഷ്ണൻ

**കൊച്ചി:** സർക്കാർഖജനാവിൽ നിന്നു ശമ്പളം കൊടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും നിയമനം പി.എസ്.സി വഴിയാക്കണമെന്നു പി.എസി.സി ചെയർമാൻ ഡോ. കെ. എസ്. രാധാകൃഷ്ണൻ. എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ളവയിലെ നിയമനം ഇത്തരത്തിലാക്കിയാൽ ഗുണനിലവാരം മെച്ചപ്പെടുമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. ... **(മംഗളം, 25/8/2016)**

## തീരദേശവികസനം: കെആർഎൽസിസി സമരമുഖങ്ങൾ തുറക്കും

**കൊച്ചി:** തീരദേശവികസനം എന്ന മുദ്രവാക്യമുയർത്തി സമരവും പ്രചരണപരിപാടികളും സംഘടിപ്പിക്കാൻ കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ(കെആർഎൽസിസി) തീരുമാനിച്ചു. സ്വാതന്ത്രലബ്ദിയുടെ ഏഴു പതിറ്റാണ്ടുകൾ കഴിയുമ്പോഴും കുടിവെള്ളത്തിനും പ്രാഥമിക സൗകര്യങ്ങൾക്കുംവേണ്ടി വലയുന്ന തീരജനതയുടെ അവകാശങ്ങൾക്കു വേണ്ടിയാണു സമരമുഖങ്ങൾ തുറക്കുന്നതെന്നു കെആർഎൽസിസി ഭാരവാഹികൾ ചൂണ്ടിക്കാട്ടി.

വിഴിഞ്ഞം പുല്ലുവിളയിലെ സിൽവമ്മയുടെ ദാരുണമരണം തീരദേശത്തെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിലേക്കാണു വിരൽ ചൂണ്ടുന്നത്. അവികസിത മേഖലയിൽ ജീവിക്കുന്ന ജനതയുടെ പ്രതിനിധിയാണ് സിൽവമ്മ. തെരുവുനായ്ക്കളുടെ ആക്രമണം മാത്രമല്ല അധികാരികളുടെ അവഗണനയുമാണ് അവരുടെ മരണത്തിനു കാരണമായത്. തീരദേശവാസികളുടെ ഭവനനിർമാണത്തിനു തടസമാകുന്ന തീരനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നീക്കങ്ങൾ സംസ്ഥാന സർക്കാർ ഊർജിതപ്പെടുത്തണമെന്നു യോഗം ആവശ്യപ്പെട്ടു. .... **(ദീപിക, 27/8/2016)**

## കുട്ടികൾ ബന്ദികളെ വെടിവച്ചു കൊല്ലുന്ന വീഡിയോ ഐഎസ് പുറത്തുവിട്ടു

**ലണ്ടൻ:** ആൺകുട്ടികളെകൊണ്ട് ബന്ദികളെ വെടിവച്ചുകൊല്ലിക്കുന്ന കൊടുക്രൂരതയോടെ ദൃശ്യങ്ങൾ ഐഎസ് ഇസ്ലാമിക് സ്റ്റേറ്റ്) വീണ്ടും പറത്തുവിട്ടു. കൈകൾ പിന്നിൽകെട്ടി, മുട്ടിൽ നിർത്തിയ ബന്ദികളുടെ തലയ്ക്കു പിന്നിൽ പതിനഞ്ചു വയസിൽ താഴെയുള്ള ആൺകുട്ടികൾ വെടിവയ്ക്കുന്ന വീഡിയോയാണ് ഐഎസ് പുറത്തുവിട്ടിരിക്കുന്നത്. അബു അബ്ദുള്ള-ബ്രിട്ടാനി എന്നറിയപ്പെടുന്ന ബ്രിട്ടീഷ് ബാലൻ ഉൾപ്പെടെ അഞ്ച് ആൺകുട്ടികളാണ് കൊടുംക്രൂരത ചെയ്യുന്നത്. പത്തിനും പതിമൂന്നിനും ഇടയിലാണ് അൽ-ബ്രിട്ടാനിയുടെ പ്രായം. ... **(ദീപിക, 28/8/2016)**

## ദയാവധത്തിനുള്ള നിയമനിർമാണത്തിൽനിന്നു കേന്ദ്രം പിന്മാറണം:

### ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം

**തിരുവനന്തപുരം:** ദയാവധത്തിനായുള്ള നിയമനിർമാണത്തിൽ നിന്നു കേന്ദ്ര സർക്കാർ പിന്മാറണമെന്നു തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം ദയാവധത്തിനെതിരേ വിവിധ മനുഷ്യാവകാശ സംഘടനകളുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റ് പടിക്കൽ സംഘടിപ്പിച്ച മനുഷ്യാവകാശ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ദൈവത്തിനു ദൈവത്തിന്റേതായ പദ്ധതിയുണ്ട്. സഹനം അനുഭവിക്കുന്നവരെയെല്ലാം ലോകത്തു നിന്നു നിഷ്കാസനം ചെയ്യുന്ന പദ്ധതിയല്ല വേണ്ടത്. അവയവ കച്ചവടലോബി ഇന്നു സമൂഹത്തിൽ പിടിമുറുക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ദയാവധത്തിനുള്ള നിയമനിർമാണം പാവപ്പെട്ടവരെ മരണത്തിലേക്കു തള്ളിവിടുന്നതിനു കാരണമാകും. പാവപ്പെട്ടവരെ മരണത്തിലേക്കു തള്ളിവിട്ട് അവയവങ്ങൾ കച്ചവടം ചെയ്യുന്നതിന് ഇതു കാരണമാകും. അതുകൊണ്ടുതന്നെ ഈ ദയാവധ നിയമനിർമാണവുമായി മുന്നോട്ടുപോകുന്നതിനു കേന്ദ്രസർക്കാരിനെ അനുവദിക്കരുത്.

സഹനത്തിന് അതിന്റേതായ മഹത്വമുണ്ട്. സഹനത്തിന്റെ പാതയിലുള്ളവരെയെല്ലാം കൊന്നുകളയാം എന്നു തീരുമാനിച്ചാൽ സമൂഹം എവിടെയെത്തി നിൽക്കുമെന്നും ആർച്ച് ബിഷപ് ചോദിച്ചു. ... **(ദീപിക, 30/8/2016)**

## ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതി: സെപ്തംബർ 30 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകളുടെയും വിവാഹബന്ധം വേർപെടുത്തിയവരുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന നിർമാണത്തിന് ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു.

ഒരു വീടിന് രണ്ട് ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാധ്യതകളില്ലാത്ത, ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലം ഉണ്ടായിരിക്കണം. കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം, അപേക്ഷകയോ അവരുടെ മക്കളോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്കു മുൻഗണന.

അപേക്ഷാ ഫോറം ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ നേരിട്ടും www. minority welfare.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ 30 **(ചന്ദ്രിക, 30/8/2016)**

## ചെമ്പൻ മുടി പാറമടക്കെതിരെ സമരം ചെയ്ത നൂറോളം പേർ അറസ്റ്റിൽ

**റാന്നി:** നാറാണം മൂഴി പഞ്ചായത്തിലെ ചെമ്പൻമുടിയിലുള്ള പാറമടക്കെതിരെ സമരം ചെയ്ത സ്ത്രീകളും കുട്ടികളുമടങ്ങുന്ന നൂറോളം പേർ അറസ്റ്റിൽ. പാറമടയിലേക്ക് ലോഡ് കയറ്റുന്നതിനായെത്തിയ ടിപ്പറുകൾ സമരസമിതി പ്രവർത്തകർ തടഞ്ഞതിനെ തുടർന്ന് വെച്ചൂച്ചിറ പോലീസെത്തി സമരക്കാരെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിലെത്തിക്കുകയായിരുന്നു. മണിക്കൂറുകളോളം സ്റ്റേഷനിൽ അകപ്പെട്ടവരിൽ കുട്ടികളും വൃദ്ധരുമായവരിൽ ചിലർ മയങ്ങി വീണു. ഇവർക്ക് കുടിവെള്ളം പോലും നൽകാൻ പോലീസ് തയ്യാറായില്ലെന്ന് ആക്ഷേപമുണ്ട്. ജില്ലാ അധികൃതർ യഥാസമയം സ്ഥലത്തെത്തിയില്ലെന്നും സമരസമിതി പ്രവർത്തകർ ആരോപിച്ചു. സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ മാധ്യമ പ്രവർത്തകരെ തടയുന്നതിനും പോലീസ് ശ്രമിച്ചു. റാന്നി മണിമലേത്ത് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ് ചെമ്പൻമുടി പാറമട. ഈ പാറമടയുടെ പ്രവർത്തനം സമീപവാസികൾക്ക് ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും വീടുകൾക്കും മറ്റും നാശനഷ്ടം വരുത്തുന്നതായും ചൂണ്ടിക്കാട്ടി നാട്ടുകാർ സമരസമിതി രൂപവത്കരിച്ച് സത്യാഗ്രഹം അടക്കമുള്ള സമരം നടത്തി വരികയായിരുന്നു. നാറാണംമൂഴി പഞ്ചായത്തിലെ സി.പി.എം. ഭരണ സമിതിയാണ് പാറമടക്ക് പ്രവർത്താനാനുമതി നൽകിയത്. .... **(സിറാജ്, 30/8/2016)**